
Registered No. M-4485

Madras War Review, Malayalam—1-12-1944

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 ഡിസെമ്പർ 1-ാംനു, വെള്ളിയാഴ്ച [ലക്കം 13



## ഞങ്ങളുടെ പ്രതിജ്ഞ

ഭൂമുഖത്തുനിന്ന് മർദ്ദനത്തിൻേറയും അനീതിയുടേയും ശക്തികൾ മാഞ്ഞുപോകുന്നതുവരേയും, ഞങ്ങൾ ആയുധങ്ങൾ താഴെ വെക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നു.

മേജർ ജനറൽ ചാർളി എൽ. ഷെനൊ,

ചൈനയിലെ 14-ാം വിമാനസേനയുടെ അധിപൻ

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഞങ്ങളുടെ പ്രതിജ്ഞ .. .. .. | 1 | ജപ്പാന്റെ അധീനത്തിലുള്ള ചൈന .. .. | 9 |
| പേൾ ഹാർബറിലെ ചതിപ്രയോഗം .. .. | 2 | അമ്മയോട് .. .. .. .. | 10 |
| മൂന്നാം വാൎഷിക ദിനം .. .. .. | 3 | അതൃത്തിയ്ക്കപ്പുറം .. .. .. | 11 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 4, 5 | ആ സുദിനം വന്നെത്തി ടോക്കിയോവിന്മേൽ ബോംബേറ് } .. .. | 12 |
| പോർവിളി .. .. .. .. | 6 | | |
| കീൎത്തിമുദ്ര .. .. .. .. | 7 | | |
| ഒടുവിൽ സ്വതന്ത്രരായി .. .. .. | 8 | | |


# പേൾ ഹാർബറിലെ ചതിപ്രയോഗം

## ജാപ്പുകൾ ഇന്നതിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നു!

[മൂന്നു വൎഷങ്ങൾക്കു മുമ്പ്, ഡിസെംബർ 7-ാം തിയ്യതി ജപ്പാൻകാർ ഹാവേയിലുള്ള പേൾ ഹാർബർ ആക്രമിച്ചു പിടിച്ചു. ഈ സമയത്തു, വാഷിങ്ങ്ടനിൽ ജാപ്പു ദൂതന്മാർ അമേരിക്കയുമായുള്ള മൈത്രീഭാവം പ്രകടിപ്പിച്ചു വരികയായിരുന്നു. ജാപ്പാനിലെ സമരപ്രഭുക്കളാകട്ടെ, യുദ്ധം ആരംഭിക്കയും ചെയ്തു. ഈ നിന്ദ്യവും നീചവുമായ ആക്രമണത്തെ ആലോചിച്ചു ഇന്നു അവർതന്നെ ഖേദിക്കുന്നുണ്ടാവണം.]

### സ്ഥിതിഗതികൾ ഗൌരവമാണത്രേ

ജാപ്പാനിൽതന്നെ ചിലരുണ്ടു് യുദ്ധഗതിയെപ്പററി ഒരു മൂഢമായ വീക്ഷണം കൈക്കൊള്ളുന്നവരായിട്ടു്. ഇരുഭാഗത്തുമുള്ള സാമഗ്രികളെ താരതമ്യപ്പെടുത്തിനോക്കിയിട്ടു മാത്രമാണു് അവർ ഇങ്ങിനെ അഭിപ്രായപ്പെടുന്നതു്. ശത്രു മുന്നോട്ടടുത്തു വരുന്ന ഈ സമയത്തു്, നാം വെറുതെ വല്ലിറുമ്മുകയും, താഴ്ന്ന തരത്തിലുള്ള സജ്ജീകരണങ്ങളാലും സാമഗ്രികളാലും എതൃക്കാൻ അസാദ്ധ്യമാണെന്നു വിചാരിക്കുകയും ചെയ്യുമ്പോൾ, നാം ഈ യുദ്ധത്തിൽ തോററുപോവുകതന്നെ ചെയ്യും."

—ജപ്പാനിലെ പ്രധാനമന്ത്രി കൊയിസോ ഇയ്യിടെ ചെയ്ത ഒരു പ്രസംഗത്തിൽ.

### ജാപ്പാനെ പേടിപ്പെടുത്തുന്ന സംഖ്യകൾ

ഈ മൂന്നു കൊല്ലത്തെ യുദ്ധത്തിന്നിടയിൽ യു. എസ്സ്. കടൽ സൈന്യം ഏതാണ്ടു് 4,750,000 ടൺ വരുന്ന 1,400 ജാപ്പു കപ്പലുകൾ മുക്കിയിട്ടുണ്ടു്; 10,000 വിമാനങ്ങൾ നശിപ്പിച്ചിട്ടുണ്ടു്; ശാന്തസമുദ്രത്തിൽ 8,170,000 ചതുരശ്ര നാഴികയോളം സ്ഥലത്തുനിന്നു് ജാപ്പുകളെ ആട്ടിയോടിച്ചിട്ടുണ്ടു്.. .. .. നാവിക സേനയുടെ ആകെ ചെലവു 94,000,000 ഡോളറാണു്. നാവികസേന 10,300,000 ടൺ കപ്പലുകളും 62,000 വിമാനങ്ങളും നിൎമ്മിച്ചു സജ്ജീകൃതവും സന്നദ്ധവുമാക്കിയിരിക്കുന്നു."

—1944 നവെമ്പർ 19-ാംനു യു. എസ്സ്. നാവി ഡിപ്പാൎട്ടുമെണ്ടിൽനിന്നു ചെയ്ത പ്രസ്താവന.

### ജീവന്മരണസമരമാണുപോൽ!

നാം വീഴ്ചത്തോടും ഉശിരോടും നിന്നാൽ ഈ സ്ഥിതിയെ തരണം ചെയ്യുന്നതിന്നുള്ള ശക്തി നമുക്കു തീൎച്ചയായും സിദ്ധിക്കും. നമുക്കു ജീവിക്കാനൊരൊററ മാൎഗ്ഗമേ ഉള്ളു, അതായതു, മരിക്കുന്നവരേയും പോരാടി വിജയിക്കുക.

—ജപ്പാനിലെ പ്രധാനമന്ത്രിയുടെ ഒരു പ്രസ്താവന.

### ഇന്ത്യക്കാരിൽനിന്നു ജപ്പാനു കിട്ടിയ ശിക്ഷ

ഇന്ത്യൻസേന ബൎമ്മയുദ്ധരംഗത്തിൽ വിശേഷപ്പെട്ട രീതിയിൽ പോരാടി. മാത്രമല്ല വനസമരത്തിൽ ജപ്പാൻകാരെക്കാൾ നിപുണരാണെന്നു തെളിയിക്കുകൂടി ചെയ്തിരിക്കുന്നു. ജനുവരിക്കു ശേഷമുള്ള പോരാട്ടത്തിൽ കൊല്ലപ്പെട്ട ജപ്പാൻകാരുടെ സംഖ്യ 54,000 ത്തിലധികമാണു്, മുഴുവൻ കണക്കും നോക്കിയാൽ ഇതിലും വളരെ അധികരിച്ച ഒരു തുകയുണ്ടായിരിക്കും."

—എൽ. എസ്. ആമറി, നവെമ്പർ 16-ാംനു പാർലിമെണ്ടിൽചെയ്ത പ്രസ്താവന.

### ശാന്തസമുദ്രത്തിലെ ദ്വീപുകളിൽ

മാറിനാസ്, വിലാ ഈ ദ്വീപുകളിൽ ആകപ്പാടെ 60,000 ജാപ്പുകൾ വധിക്കപ്പെടുകയും മുറിവേല്ക്കപ്പെടുകയും ചെയ്തിരിക്കുന്നു. തടവുകാരായിപ്പിടിക്കപ്പെട്ടവരുടെ സംഖ്യ 3,000 ആണു്."

—പേൾ ഹാർബറിൽനിന്നു കുറച്ചുമുമ്പുണ്ടായ ഒരു പ്രസ്താവന.

**സഖ്യപക്ഷ ശക്തി ദിനംതോറും വർദ്ധിച്ചുവരുന്നു! ജപ്പാൻ ചെയ്ത കുററങ്ങൾക്കു ഉചിതമായ ശിക്ഷ അനുഭവിക്കേണ്ടിവരും!**

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1944 ഡിസെമ്പർ 1-ാംനു, വെള്ളിയാഴ്ച


## മൂന്നാംവാർഷികദിനം

ലോകചരിത്രത്തിൽവെച്ച് ഏററവും നീചമായ ആ ആക്രമം നടന്നിട്ട് വരുന്ന വ്യാഴാഴ്ചക്കു മൂന്നു വർഷം തികയുന്നു. 1941 ഡിസെമ്പർ 7-ാംനുയാണ് ജപ്പാൻ പേൾ ഹാർബർ ആക്രമിച്ചതു്. ആ അവസരത്തിൽ ജാപ്പുദ്യോഗസ്ഥന്മാർ വാഷിങ്ങ്ടണിൽ "അതേ,. .അല്ല" ഇങ്ങിനെ പറഞ്ഞുകൊണ്ടിരുന്നു. നേരിയൊരു മുന്നറിയിപ്പും കൂടാതെ, യുദ്ധപ്രഖ്യാപനം ചെയ്യാതെ, 150 ജാപ്പു വിമാനങ്ങൾ ഹാവായ് ദ്വീപുകളിലെ അമേരിക്കൻ നാവികത്താവളമായ പേൾഹാർബറിനെ ആക്രമിച്ചു.

ഈ ദിനം സ്മരണീയമാണ്. സഖ്യശക്തികൾ ഇതു തികച്ചും ഓർമ്മിച്ചുവരുന്നുണ്ടുതാനും. ഈ വഞ്ചനയ്ക്കു് തക്കതായ ശിക്ഷ കൊടുക്കുന്നതിന്നും, പ്രതികാരം ചെയ്യുന്നതിന്നും സഖ്യപക്ഷം ദൃഢനിശ്ചയം ചെയ്തുകഴിഞ്ഞു. പല രംഗങ്ങളിലും ജപ്പാൻ അതിന്റെ ഫലം ലഭിച്ചുവരുന്നുമുണ്ട്.

ലോകത്തിൽവെച്ച് ഏററവും ശക്തിമത്തായ വിമാനസേനയും, നാവികസേനയും, കരസേനയുമാണ് ഇന്നു് അമേരിക്കക്കുള്ളതു് എന്നു മി. ചർച്ചിൽ ഈ ആഴ്ചയിൽ പ്രസ്താവിക്കുകയുണ്ടായി. ശത്രുവിന്റെ ഹൃദയത്തെപ്പിളർത്തിത്തുടങ്ങിയിരിക്കുന്നു. വലിയ വ്യാപാരത്തലവന്മാരുടെയും, പ്രഭുക്കളുടെയും സൈന്യാധിപവർഗ്ഗത്തിന്റേയും, "ഭൂമിയിൽ ജീവിച്ചിരിക്കുന്ന ദൈവമായ" മിക്കാഡോവിന്റെയും ഇരിപ്പിടമായ ടോക്കിയോവിൽ പച്ചപ്പുകൽ ബോമ്പുകൾ കോരിച്ചൊരിഞ്ഞു. സെപ്പനിൽനിന്നു അമേമേരിക്കൻ സൂപ്പർഫോർട്ട് വിമാനങ്ങളാണ് ഈ കൃത്യം നിർവ്വഹിച്ചതു്.

"ജപ്പാൻ സുരക്ഷിതമാണ്" ഈയിടെപ്പോഴും നിപ്പണിലെ പട്ടാളമേധാവികൾ ഇങ്ങിനെ പറഞ്ഞിരുന്നു. "കടലിൽ ആയിരമായിരം നാഴിക അകലെയാണ് ജപ്പാനിലെ ജനങ്ങളുടെ സ്വദേശം."

അങ്ങിനെയായിരുന്നു—ഇപ്പോൾ അതൊക്കെ അസ്തമിച്ചു. സഖ്യസേനകൾ പടിപടിയായി, ചെന്നേടത്തെല്ലാം താവളങ്ങൾ ശക്തിമത്തായ രീതിയിൽ ഉറപ്പിച്ചുകൊണ്ട് ഇന്നു ജപ്പാന്റെ സ്വദേശത്തിന്നടുത്തുവരെ എത്തിക്കഴിഞ്ഞിരിക്കുന്നു; മാത്രമല്ല, ജാപ്പാനിലെ നഗരങ്ങൾ തീയിലെരിക്കുന്ന കൃത്യവും ആരംഭിച്ചുതുടങ്ങി. സമാധാനപ്പെടുത്താനും ആശ്വസിപ്പിക്കാനുമുള്ള എതൊരു പ്രചരണംമൂലവും ഈ വസ്തുതകൾ മൂടിവെക്കാൻ സാധിക്കുന്നതല്ല, വളരെ വിദൂരതയിലാണ് എന്നതുകൊണ്ടുമാത്രം രക്ഷപ്പെടാമെന്നു വിശ്വസിച്ചുകൂടാ എന്നു ഇന്നു് ജപ്പാൻകാർക്കു ഓരോരുത്തർക്കും മനസ്സിലായിട്ടുണ്ട്. ശാസ്ത്രീയമായ കണ്ടുപിടുത്തത്താലും സശ്രദ്ധമായ സൈന്യതന്ത്രത്താലും, സഖ്യപക്ഷം ദൂരത്തെ അധീനമാക്കിക്കഴിഞ്ഞിരിക്കുന്നു. സഖ്യസേനകൾക്കു ഇന്നു് പാസഫിക്കിലുള്ള അത്ര വിമാനശക്തി ശത്രുവിന്നു ഇല്ലതന്നെ. എന്നുതന്നെയല്ല, താരതമ്യേന വളരെ കുറച്ചേ ഉള്ളുതാനും.

ഫിലിപ്പൈനിൽ വെച്ചുണ്ടായ നാവികാക്രമണംമൂലം ജപ്പാന്നു ഗണ്യമായ ബലക്ഷയം തട്ടിയിട്ടുണ്ട്. സമുദ്രത്തിൽവെച്ചുള്ള യുദ്ധരീതി ആകെ പരിത്യജിക്കുന്നതിന്നു ഇക്കാരണത്താൽ ജപ്പ് യുദ്ധമന്ത്രിസഭ നിർബ്ബന്ധിതമായി. കടലിൽനിന്നു വിരട്ടിയോടിക്കപ്പെട്ടതുമൂലം സമുദ്രമാർഗ്ഗമായി സാമാനങ്ങൾ കൊണ്ടുവരുന്നതിന്ന് ജപ്പാന്നു സാദ്ധ്യമല്ലാതായിവന്നു. തന്മൂലം ചൈനയിലുള്ള ജപ്പാൻകാർ തെക്കൻ ഏഷ്യയിൽനിന്നു വടക്കൻ ചൈനയിലേക്കുള്ള കരമാർഗ്ഗം തെളിയിക്കുന്നതിന്നു ശ്രമിച്ചുവരുന്നു.

### ജപ്പാന്നു് പററിയ തെററുകൾ

ജപ്പാന്നു പിണഞ്ഞ ഒരബദ്ധം സഖ്യശക്തികൾക്കു രണ്ടു അർദ്ധഗോളങ്ങളിലും യുദ്ധം തുടരുന്നതിന്നു സാദ്ധ്യമല്ലെന്നു വിചാരിച്ചതാണ്. മുസ്സോളിനിയും അയാളുടെ ഫാസിസ്ററു കൂട്ടുകാരും കരുതിയപോലെ, ഹിററ്ലരുമായ് ഇടപെട്ടുവരുന്ന സഖ്യശക്തികൾ, മററിടത്തുള്ള കാര്യങ്ങളെ അത്രമാത്രം ഗൌനിക്കുകയില്ലെന്നു ജപ്പാനും കരുതി. എന്നാൽ വളരെയധികം സജ്ജീകൃതരും സന്നദ്ധരുമല്ലായിരുന്നുവെങ്കിൽകൂടി, രണ്ടു കൊല്ലത്തിൽ കൂടുതലോളം, സഖ്യശക്തികൾ പൊരുതിനിന്നു. അമ്പതു രാജ്യങ്ങൾ സംബന്ധിക്കുന്ന ഒരു വിസ്തൃതമായ യുദ്ധരംഗത്തിൽ ഐക്യത്തോടെ ഒരുമിച്ചുനിന്നുകൊണ്ടാണ് അവരങ്ങിനെ ചെയ്തതു്. ജപ്പാൻകാർ അവരുടെ ചങ്ങാതിയായ മനുഷ്യാതീതനായ ഹിററ്ലരെപ്പററിയും അയാളുടെ കുററവാളികളായ കൂട്ടുകാരെപ്പററിയും എന്താണ് ഇപ്പോൾ വിചാരിക്കുന്നതു എന്നു് ഞങ്ങൾക്കറിഞ്ഞുകൂടാ—നാസികൾ ജപ്പാനിൽ അഭയം പ്രാപിക്കുന്നപക്ഷം അവർക്കു അത്രമേൽ അനുഭാവപൂർവ്വവും സൌഹാർദ്ദപരവുമായ സ്വാഗതം അവിടെ ലഭിക്കുമെന്നതു് സംശയമാണ്. യൂറോപ്പിലെ ഇന്നത്തെ സ്ഥിതി ജപ്പാൻകാരെ തങ്ങളുടെ ഹൃദയപരിശോധന നടത്തുന്നതിന്നു പ്രേരിപ്പിച്ചിരിക്കുന്നു. ഇപ്പോൾ ജപ്പാൻകാരെ അഭിമുഖീകരിച്ചിരിക്കുന്ന സ്ഥിതി എന്താണ്? സംക്ഷിപ്തമായി അതിനെപ്പററി ഇങ്ങിനെ പറയാം: അവരുടെ രാജ്യത്തിൽനിന്നു ആയിരമായിരം നാഴിക അകലെയുള്ള രാജ്യങ്ങൾ അവർ അധീനപ്പെടുത്തിവെച്ചിട്ടുണ്ട്. തൽഫലമായി പാസഫിക്കിലും, കിഴക്കൻ ഏഷ്യയിലുമായി അവർക്കു അവരുടെ സൈന്യങ്ങളെ വിഭജിച്ച് ചിന്നിച്ചിതറിയ വിധത്തിൽ കാവൽ നിർത്തേണ്ടിവന്നിരിക്കുന്നു. "പാസഫിക്കിലെ യജമാനനും, പൌരസ്ത്യ ഏഷ്യയുടെ സ്രഷ്ടാവുമാണ്" തങ്ങളെന്നു ജപ്പാൻകാർ ബലമായി വിശ്വസിച്ചിരുന്നു; തങ്ങൾ ആക്രമിച്ചുപിടിച്ചതെല്ലാം കാത്തുരക്ഷിക്കാമെന്നും അവർ കരുതി. പാസഫിക്കിലൂടെ സഖ്യസേനകൾ ഉണ്ടാക്കിയ സമുദ്രയുദ്ധപാതകളും ബർമ്മയിൽ ജാപ്പുസേനക്കു പററിയ പെരുത്ത പരാജയയും ജപ്പാൻകാർക്കു വാസ്തവം വെളിവാക്കിക്കൊടുത്തു. അതായതു് തങ്ങൾക്കു ദൂഷണകരമാണെന്നു അവർ വിശ്വസിച്ചിരുന്ന അതേ വസ്തുക്കളാൽത്തന്നെ അവരുടെ സേനകൾ ഒററപ്പെടുത്തപ്പെട്ടുവെന്നു്. ഉടനെ അവർക്കു ബോദ്ധ്യമായി തങ്ങൾക്കു വേണ്ടത്ര വിമാനങ്ങളും വമ്പിച്ച കടൽസേനയും ഇല്ല എന്നു്. കഴിഞ്ഞ കുറച്ചു മാസങ്ങളോളമായി, തങ്ങളുടെ യുദ്ധതന്ത്രത്തിന്നുള്ള ഈ രണ്ടു കുറവുകളെ പരിഹരിക്കുന്നതിന്നായി അവർ കിണഞ്ഞു പാടുപെട്ടുവരികയാണ്. ഇതേ പരിതസ്ഥിതിയിൽ ജപ്പാന്റെ പങ്കാളിയായ ജർമ്മനിയെന്തൊക്കെയാണ് ചെയ്തതു്, അതേ കൃത്യങ്ങളും സൂത്രങ്ങളുമാണു ജപ്പാൻകാരും ഇപ്പോൾ ചെയ്യുന്നതു്. ഇതു് ഏററവും രസകരവും, അതേസമയത്തു ദയനീയവുമായ ഒരു കാഴ്ചയാണ്.

### ആത്മഹത്യ ഒരായുധം

ജപ്പാനിലെ നാസികളും ദേശാഭിമാനത്തെ ഇളക്കിവിടുന്നു; ജപ്പാന്റെ ദൈവീകശക്തികളെപ്പററി ഉൽബ്ബോധിപ്പിക്കുന്നു. അവർക്കുമുണ്ട് സ്വന്തമായി ഒരു രഹസ്യായുധം—"മനുഷ്യരാകുന്ന പറക്കുന്ന ബോമ്പുകൾ!" അഥവാ "ദൈവീകമാരുതൻ" ഇതു പൊട്ടിത്തെറിക്കുന്ന സാമഗ്രികൾ നിറച്ചതും, ഒരു "ആത്മഹത്യ വൈമാനികൻ" ശത്രുക്കപ്പലുകളുടെ നേരെ ഓടിക്കുന്നതുമായ ഒരു വിമാനമാണ്. ജർമ്മനിയിലെപ്പോലെത്തന്നെ, ഇതൊക്കെ ജപ്പാനിലെ ആളുകളെ തൃപ്തിപ്പെടുത്തുന്നതിന്നുപ്രചരണവിദ്യകളാണ്; പക്ഷെ ഇതിന്റെയൊക്കെ പിന്നിൽ ഒളിഞ്ഞുകിടക്കുന്ന രഹസ്യം, ജപ്പാന്നു വിമാനങ്ങൾ വളരെ കുറവാണെന്ന വാസ്തവമാണ്.

ഫിലിപ്പൈനിലുള്ള ലെയിററ് ദ്വീപിൽ സഖ്യസേനകൾ ഇറങ്ങിയപ്പോൾ ഒരു ദൈവീകമാരുതന്നും അതു തടുക്കാൻ കഴിഞ്ഞില്ല. ജപ്പാന്റെ കടൽസേനയെ വിപത്തിൽനിന്നു രക്ഷപ്പെടുത്തുന്നതിന്നും ഈ ദൈവീകമായ കാററിന്നു സാധിച്ചില്ല. അതുമാത്രമല്ല, ജപ്പാനിൽതന്നെ ടോക്കിയോവിലും, കുറേൽസിലുമുള്ള ഓമുറ വിമാനനിർമ്മാണശാലമേൽ ബോമ്പിട്ടു തകർത്ത സന്ദർഭത്തിലും, ഈ ദിവ്യമാരുതനെ എവിടെയും കണ്ടതേയില്ല! സ്വന്തരാജ്യത്തുണ്ടാവുന്ന ബോമ്പുവർഷം തടയാൻ സാധിക്കാത്ത ഈ ദിവ്യമാരുതൻ എങ്ങിനെയാണ് 5,000 നാഴിക അകലെ ബർമ്മയിലും ന്യൂഗിനിയയിലും ഒററപ്പെട്ടുഴലുന്ന ജാപ്പുസേനകളെ രക്ഷിക്കുന്നതു്? എല്ലാ രാജ്യഭക്തന്മാരായ ജപ്പാൻകാർക്കും ആത്മഹത്യയുടെ ഗുണത്തെപ്പററി പഠിപ്പിച്ചുകൊടുക്കുന്നതു നല്ല ഒരു കാര്യമാണ്. കാരണം, എന്നാൽ നമുക്കു വെടിമരുന്നു പാഴാക്കിക്കളയാതെ സൂക്ഷിക്കാം.

അപ്പോൾ ഇന്നു നാം ജപ്പാനിൽ കാണുന്ന ചിത്രമെന്താണ്? ഹിംലരുടെ ഗസ്റ്റാപ്പോവിനെപ്പോലെത്തന്നെ, സ്വന്തജനങ്ങളെ മുഴുവൻതന്നെ മരണത്തിന്റെ വായിലേക്കു ഉന്തിത്തള്ളുന്ന ജപ്പാനിലെ യുദ്ധപ്രഭുക്കളെ നാം കാണുന്നു. പേൾ ഹാർബർ ആക്രമണത്തിന്റെ മൂന്നാം വാർഷികവേളയിൽ എത്ര സന്തോഷകരമായ ഒരു വാർത്തയാണ് ഐക്യരാഷ്ട്രങ്ങൾ കേൾക്കുന്നതു്? പേൾ ഹാർബറിൽ ജപ്പാൻചെയ്ത വഞ്ചനാകൃത്യം കാററിനെ ഇളക്കിവിട്ടിരിക്കുന്നു. ഈ കാററു ഭൂമുഖത്തുനിന്നു നിഷ്ഠൂരതയേയും, ലോകത്തെ വിഷമിപ്പിച്ചുവന്ന ദുഷ്ടത്തേയും അടിയോടെ അടിച്ചുനീക്കും. ഒരുപക്ഷെ പേൾ ഹാർബർ സംഭവം അങ്ങിനെയുള്ള ഒരു കൊടുങ്കാററിന്റെ ആവിർഭാവത്തിന്നു ആവശ്യമായിരിക്കണം—പഴയതിനെ മുഴുവൻ തുടച്ചുനീക്കി വരാൻപോവുന്ന ലോകം സൃഷ്ടിക്കാനുള്ള പരിതസ്ഥിതികൾ ഏർപ്പെടുന്ന ആ കൊടുങ്കാററടിക്കുന്നതിന്ന്!

## ആഴ്ചക്കുറിപ്പുകൾ

### ഐതിഹ്യം അബദ്ധമായി

പലക്കും ഒരഭിപ്രായമുണ്ട് ഇററലി സൂര്യപ്രകാശവും പൂക്കളുമുള്ള ഒരു രാജ്യമാണ് എന്ന്. വടക്കൻ യൂറോപ്പിലെ ശീതത്തിൽനിന്നു ഇററലി സന്ദർശിക്കാറുള്ളവർ വരുന്ന അവസരത്തിലുള്ള കാലാവസ്ഥ അങ്ങിനെത്തന്നെയാണ് താനും. എന്നാൽ ഇക്കൊല്ലത്തിൽ നിർഭാഗ്യവശാലെന്നു തന്നെ പറയട്ടെ, കാലാവസ്ഥ വളരെ ചീത്തയായിരുന്നു; ശത്രുവെ എതിർത്തുകൊണ്ടിരുന്ന സഖ്യസേനകൾക്കു ഇതുമൂലം വലിയ വിഷമങ്ങളാണുണ്ടായത്. പത്തുമണിക്കൂറിന്നുള്ളിൽ എട്ടിഞ്ചു മഴ ഒരിടത്തു പെയ്യുകയുണ്ടായത്രേ. സാധാരണ അവിടെ അത്ര മഴ പെയ്യണമെങ്കിൽ, 79 ദിവസങ്ങൾ വേണമത്രെ. എന്നാൽ ഈ കാലാവസ്ഥയൊന്നും കൂസാതെ, ധീരോദാത്തന്മാരായ എട്ടാം സേനയും അഞ്ചാം സേനയും ജർമ്മൻകാരെ പിന്നോട്ടു തള്ളിക്കൊണ്ടുതന്നെയിരിക്കുന്നു.

### പോർക്കളത്തിലെ സൌഹാർദ്ദത്തിന്റെ സാദ്ധ്യതകൾ

ഇററലിയിലെ വിജയത്തിന്നു ഒരു മുഖ്യകാരണം എല്ലാ ദേശത്തിൽനിന്നും, വർഗ്ഗങ്ങളിൽനിന്നും വരുന്ന പട്ടാളക്കാർ തമ്മിലുള്ള യോജിച്ച പ്രവർത്തനമാണ്. ഒരു സ്വാതന്ത്ര്യനഗരിയിൽ സമ്മേളിക്കുന്ന ജനകീയവാദികളുടെ സാർവ്വലൌകികസമ്മേളനമെന്നോണമാണ് ഈ യുദ്ധരംഗം. പുതിയ സൈന്യാധിപനായ ജനറൽ മാക് ക്ലർക്കിന്റെ നേതൃത്വത്തിൽ, ഭൂഗോളത്തിന്റെ എല്ലാ മൂലയിലും അവിടെ ഭടന്മാർ യുദ്ധം ചെയ്യുന്നു. ഇങ്ങിനെയുള്ള സമരത്തിൽനിന്നും യോജിച്ച പ്രവർത്തനങ്ങളിൽനിന്നും, പരസ്പരസമ്പർക്കത്തിൽനിന്നും വളരെ നേട്ടങ്ങൾ ഉണ്ടാവുന്നുണ്ട്. ഈയിടെ ഈ രംഗം സന്ദർശിച്ചതു സർ സാമുവൽ രംഗനാഥനായിരുന്നു. കുറച്ചു ദിവസങ്ങൾക്കു മുമ്പു ഒരു പ്രക്ഷേപിണി പ്രസംഗത്തിൽ തന്നെ ഏററവുമധികം സന്തോഷിപ്പിച്ചതു യോദ്ധാക്കൾ തമ്മിലുള്ള ചങ്ങാതിമട്ടാണ് എന്നു അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

"എന്റെ പര്യടനത്തിലെങ്ങും തന്നെ" അദ്ദേഹം പറഞ്ഞു "എല്ലാ വകുപ്പിലുമുള്ള ഇന്ത്യൻ ഭടന്മാരുടെ വിശേഷഗുണങ്ങളെ മാത്രമല്ലാ ഐക്യരാഷ്ട്രങ്ങളിൽപ്പെട്ട മററു ഭടസമൂഹത്തിൽ അവരെ സംബന്ധിച്ചുള്ള മതിപ്പും ബോദ്ധ്യവും എനിക്കു വ്യക്തമായി കാണാൻ കഴിഞ്ഞു. നമ്മുടെ സേനകളും അവരോടൊന്നിച്ചുനിന്നു പൊരുതുന്ന മററു രാജ്യക്കാരും തമ്മിൽ ഏററവും മഹത്തായ സ്നേഹിതത്വവും, സഹകരണവും ഉണ്ട്. സഖ്യരാഷ്ട്രങ്ങളിലെ സേനകൾക്കിടയിലുള്ള ഈ വക സൌഹാർദ്ദങ്ങൾ, പരസ്പരാദരവിന്മേലും, പൊതുലക്ഷ്യത്തെപ്പററിയുള്ള മതിപ്പിന്മേലും അധിഷ്ഠിതമാണ്. ഇതു ഭാവിയിലും വളരെ പ്രാധാന്യം തികഞ്ഞ ഒന്നായിരിക്കും. ഇന്ത്യയിലെ വിവിധഭാഗങ്ങളിൽനിന്നു വ്യത്യസ്തവർഗ്ഗക്കാരിൽനിന്നു വന്നതും ധീരമായ സമരങ്ങളിൽ ഇടപ്പെട്ടുവരുമായതാണ് ഈ പുതിയ ഇന്ത്യൻ സേന എന്നു ഞാൻ മനസ്സിലാക്കിയപ്പോൾ" തന്റെ നാഡികൾ കൂടുതൽ ത്വരിതഗതിയിൽ മിടിക്കാൻ തുടങ്ങി എന്നു സർ രംഗനാഥൻ പറയുന്നു!

## ലോകമഹായുദ്ധം ഇങ്ങിനെ കാണുക







### ചൈന യുദ്ധരംഗം

ജപ്പാന്നെതിരായ യുദ്ധം കരമാർഗ്ഗത്തിലൂടെ വേണമെന്ന അഭിപ്രായം വളർന്നുവരുന്നതോടുകൂടി ചൈന സഖ്യശക്തികളുടെ പ്രധാന ശ്രദ്ധാകേന്ദ്രമായി വന്നിരിക്കുന്നു. ഇന്ത്യയും ചൈനയും തമ്മിൽ ആകാശമാർഗ്ഗമായ വാർത്താ കേന്ദ്രസൌകര്യങ്ങൾ ഏർപ്പെടുത്തുന്നതാണെന്നു ഈ ആഴ്ചയിൽ പ്രസ്താവിക്കപ്പെടുകയുണ്ടായി. ജനറൽ സ്റ്റിൽവെല്ലിന്റെ പിന്തുടർച്ചക്കാരനായ ജനറൽ വെഡമിയർ ജപ്പാനെ തികച്ചും തടയുന്നതിന്നു മററുമായി താൻ രൂപീകരിച്ച പദ്ധതി ചിയാങ്ങ് കൈ ഷേക് സ്വീകരിച്ചിരിക്കുന്നതായി ചുങ്കിങ്ങിൽനിന്നു കുറച്ചു നാൾ മുമ്പു പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം തുടർന്നു പറഞ്ഞു: "ദ്വീപുകൾ പിടിച്ചെടുത്തുകൊണ്ടുമാത്രം ജപ്പാനെ തോല്പിക്കാൻ സാദ്ധ്യമല്ല. നമുക്കു ചൈനയിൽ ഒരു താവളം വേണം. എല്ലാവിധത്തിലുള്ള സാമഗ്രികളും ഇതിന്നുപയോഗിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു" അദ്ദേഹം വെറുതെ പറയുകയല്ല ഇതൊന്നും; അദ്ദേഹം പറഞ്ഞപോലെ തന്നെ പ്രവർത്തിക്കുന്ന ഒരു യോദ്ധാവാണെന്നതു സുപ്രസിദ്ധമാണ്. ചർച്ചിലിനെപ്പോലെ ആവശ്യം വരുമ്പോൾ മാത്രമെ അദ്ദേഹം സംസാരിക്കുകയുള്ളൂ.

പ്രസിഡണ്ട് റൂസ്‌വെൽട്ടിന്റെ ചൈനയിലെ പ്രതിനിധിയായ മി. എം. മാൻസ്‌ഫീൽഡ് ജപ്പാനെ പ്രഹരിക്കുന്നതിന്നായി ചൈനീസ് ജനതയുടെ അപ്രഹതിഹതമായ വ്രതത്തെപ്പററി പ്രശംസിക്കുകയുണ്ടായി. "ഈ യുദ്ധത്തിലെ ധീരകൃത്യത്തിലെ ഏററവും മഹനീയമായ ഒരുദാഹരണമാണ് കഴിഞ്ഞ ഏഴു വർഷങ്ങളോളമായി അവർ ജപ്പാനെ എതിർത്തുവന്ന രീതി തന്നെ" മി. മാൻസ്‌ഫീൽഡ് പറയുന്നു. ചൈനയിൽ സംഭവിക്കാൻപോവുന്ന സംഗതികളെ കുറിച്ചു ഒരു സൂചന കൂടെ അദ്ദേഹം പുറപ്പെടുവിക്കയുണ്ടായി. ഈ നിമിഷത്തിൽ, ഈ രാഷ്ട്രവും നമ്മുടെ മിത്രങ്ങളായ ഐക്യ രാഷ്ട്രങ്ങളും, ശത്രുവിന്നെതിരായിവരാൻ പോവുന്ന ആക്രമണത്തെപ്പററി പറഞ്ഞു തീർച്ചയാക്കുന്നതിന്നു മാത്രമല്ല, വളരെ വിസ്തൃതമായ രീതിയിൽ യോജിപ്പോടെ ശത്രുവെ പ്രഹരിക്കുന്നതിന്നു കൂടെ പ്രാപ്തരാണ്."

### അമേരിക്കയിലെ യുദ്ധോല്പാദനം

പ്രസിഡണ്ട് റൂസ്‌വെൽട്ട് ആറാമത്തെ യുദ്ധകടപ്രസ്ഥാനം ഉൽഘാടനം ചെയ്തുകൊണ്ടു ചെയ്ത ഒരു പ്രക്ഷേപണ പ്രസംഗത്തിൽ അമേരിക്കയ്ക്കു ദിനം പ്രതിവരുന്ന യുദ്ധച്ചെലവു 2,500 ലക്ഷം ഡോളറാണെന്നു വ്യക്തമാക്കുകയുണ്ടായി. കുറച്ചുകൂടി ഗ്രാഹ്യമായ ഭാഷയിൽ പറഞ്ഞാൽ ഏതാണ്ടു ഒരു സെക്കണ്ടിലെ ചെലവു 2,680½ ക. യാണ്; വിജയത്തിന്നുള്ള വിലയാണതു; നമ്മളും നമ്മുടെ ഭാവിതലമുറകളും, സ്വേച്ഛാപ്രമത്തന്മാരെ ഒരു നല്ല പാഠം പഠിപ്പിക്കുന്നതിന്നു ഈ വില കൂടുതലായിട്ടില്ലെന്നു സമ്മതിക്കുന്നതുമാണ്. ഇതേവരെയുള്ള കടൽസേനയിൽ 100 ലക്ഷം ടൺ കപ്പലുകളും 62,000 വിമാനങ്ങളും ഉണ്ടെന്നു യു. എസ്. നാവി വകുപ്പിൽനിന്നു പ്രസ്താവിക്കുകയുണ്ടായി. വരുന്ന മൂന്നു മാസത്തിന്നുള്ളിൽ സൂപ്പർ ഫോർട്രസ് വിമാനങ്ങളുടെ ഉല്പാദനം ഇരട്ടിപ്പിക്കുന്നതാണെന്നു ടെക്‌നിക്കൽ സർവ്വീസ് കമാണ്ടിന്റെ ഡയരക്ടർ പറയുന്നു. ജപ്പാനെ തോല്പിക്കുന്നതിന്നുള്ള എളുപ്പവഴിയിതാണത്രേ. പിന്നീടു, രണഭേരി നിശ്ശബ്ദമാവുമ്പോൾ, ഈ വിമാനങ്ങളൊക്കെ യാത്രയും കച്ചവടങ്ങൾക്കുമായി ഉപയോഗിക്കപ്പെടും. കുറച്ചുമുമ്പു ഷിക്കാഗോവിൽ വെച്ചു ചേർന്ന വ്യോമയാന സമ്മേളനത്തിൽ ഇതു സംബന്ധമായ സംഗതികൾ ആലോചിക്കയുണ്ടായി.

### ബവിൻ പദ്ധതിയുടെ വിജയം

പായസത്തിന്റെ രുചി കഴിച്ചാലെ അറിയുകയുള്ളൂ എന്നൊരു പഴഞ്ചൊല്ലുണ്ട്. അതായതു, ഏതൊന്നിന്റെയും ഗുണവും വിജയവും പ്രവർത്തനത്തിലൂടെയാണ് മനസ്സിലാക്കേണ്ടതു. ഈ പഴഞ്ചൊല്ലു തികച്ചും യുക്തിയുക്തമാണെന്നു തെളിയിക്കുന്ന ഒന്നാണ് ബവിൻ പദ്ധതി.

പണ്ടു ഇന്ത്യയിൽ ഒരു ടർണറായി 48 ക. മാത്രം മാസംതോറും ശമ്പളം വാങ്ങിയിരുന്ന ഒരാൾ ഇപ്പോൾ ഒരു ഫാക്ടറിയുടെ ജനറൽ ഫോർമൻ എന്ന നിലയിൽ 1,000 ക. മാസംതോറും വാങ്ങുന്നുണ്ടത്രേ. മൂന്നു കൊല്ലം മുമ്പു ബവിൻപദ്ധതി പ്രകാരം ഇംഗ്ലണ്ടിൽ പോയി പരിശീലനം നേടിയ ഒരു തൊഴിലാളിയാണ് ഇദ്ദേഹം. എല്ലാംകൂടി ഇതേവരെ 639 പേർക്കു പരിശീലനം നല്കിയിട്ടുണ്ട്. കൂടുതൽ പേർക്കു ഇനിയും പരിശീലനം ലഭിക്കുന്നതാണ്. ആകെ ഇന്ത്യയിൽ തിരിച്ചെത്തിയ 303 പേരിൽ മിക്കവർക്കും മാന്യമായ ജോലി ലഭിച്ചിരിക്കുന്നു. ഇന്ത്യക്കു എത്രയും അവശ്യം ആവശ്യമായ സാങ്കേതിക വിദഗ്ദ്ധന്മാരാണ് ഈ പദ്ധതി മൂലം കിട്ടുന്നതു. ഇവരും പട്ടാളത്തിൽ തിരിച്ചുവരുന്നവരും എല്ലാം കൂടിയായാൽ യുദ്ധാനന്തര പുനഃസംവിധാനത്തിന്നും വ്യവസായീകരണത്തിന്നും അപരിത്യാജ്യമായ സാങ്കേതിക പ്രവൃത്തികൾ ചെയ്യാൻ പ്രാപ്തരായിരിക്കും. ഇവർക്കു മാത്രമല്ല, ഇന്ത്യക്കു കൂടി തന്മൂലം ഒരു ശോഭന ഭാവി ഇതു മൂലം ഉണ്ടാവുന്നു. ഇപ്പോൾ അത്രമാത്രം ഉപയോഗപ്രദമായി വന്ന ഈ ബവിൻ പദ്ധതി യുദ്ധാനന്തരവും തുടരുമെന്നും, ഗണ്യമായ വിധത്തിൽ വിപുലീകരിക്കപ്പെടുമെന്നും വിശ്വസിക്കപ്പെട്ടുവരുന്നു.

### ഡബ്ല്യു. എ.സി.(ഐ) കളുടെ ഭാവി

ഇതേവരെയും അത്രയധികം ശ്രദ്ധ ചെലുത്താത്ത ഒരു വശവും കൂടിയുണ്ട്. അതായതു, മഹൽ സേവനികളും ഡബ്ലിയു. എ. സി. ഐ എന്നറിയപ്പെട്ടവരെന്നു പറഞ്ഞുവരുന്നവരുമായ അവരുടെ ഭാവികേന്ദ്രസഭയിൽ, യുദ്ധ സിക്രട്ടറിയായ മി. സി.ആർ. ത്രിവേദി ചെയ്ത ഒരു പ്രസ്താവനയിൽ, ഇന്ത്യക്കാരും ആംഗ്ലോ ഇന്ത്യക്കാരും ബ്രിട്ടീഷുകാരുമായി 9,419 പേർ ഇതിലുണ്ട്. ഓഫീസ് നിർവ്വഹണം, ഗതാഗതങ്ങളെ നിയന്ത്രിക്കൽ, ടലിഫോൺ ഉപയോഗിക്കൽ ഇവയിലൊക്കെ ഇവർ വിദഗ്ദ്ധകളാണ്. യുദ്ധാനന്തരം ഏതുതരം ജോലികളാണ് ഇവർക്കു നല്കപ്പെടുക എന്നു പറയേണ്ടതു അതാതു യുദ്ധാനന്തര പുനഃനിർമ്മാണ സമിതിയാണ്. ഏതായാലും, അത്യധികം മാന്യമായ സേവനം ചെയ്ത ഈ വനിതകൾക്കു ഗവർമ്മേണ്ട് പദ്ധതികളിൽ അവരർഹിക്കുന്ന ഒരു സ്ഥാനം ഉണ്ടായിരിക്കുമെന്നതിൽ രണ്ടഭിപ്രായമില്ലതന്നെ.

### യൂറോപ്പിലെ പടിഞ്ഞാറൻ യുദ്ധരംഗം

ഈ ആഴ്ചയിൽ 400 നാഴികയോളം നീണ്ടു കിടക്കുന്ന പടിഞ്ഞാറൻ യൂറോപ്യൻ യുദ്ധരംഗത്തിൽനിന്നു വന്ന വർത്തമാനങ്ങൾ, തുടരത്തുടരേയായി സഖ്യസേനകൾ പല യുദ്ധമുനകളിലും പുരോഗമിച്ചുവരുന്നുവെന്നാണ്. സർവ്വ രംഗങ്ങളിലും വമ്പിച്ച രീതിയിലുള്ള ആക്രമണങ്ങളാണ് സഖ്യസേനകൾ ആരംഭിച്ചിരിക്കുന്നതു. ഒരു പക്ഷെ ഇതിന്റെ ഉദ്ദേശം ശത്രുവിന്റെ ശക്തി എത്രയുണ്ടെന്നു പരീക്ഷിക്കുവാനായിരിക്കാം. മുൾഹൌസിന്നും, സ്ട്രാസ്ബർഗ്ഗിന്നും സമീപത്തു ശത്രുനിരോധങ്ങൾ വളരെ ബലം കുറഞ്ഞതാണെന്നു കാണുന്നു. അവിടെ ജർമ്മൻകാർക്കു, ഒന്നാം ഫ്രഞ്ചുസേനയ്ക്കും ഏഴാം അമേരിക്കൻ സേനയ്ക്കും വഴിമാറികൊടുക്കേണ്ടിവന്നു. യുദ്ധരംഗത്തിന്റെ വടക്കെ അററത്തു, മഞ്ഞ്, ശീതകാലാവസ്ഥ, ചളി, വെള്ളം ഈ വിഷമങ്ങളൊക്കെ തരണംചെയ്തു രണ്ടാം ബ്രിട്ടീഷ് സേനയും, 9-ാം അമേരിക്കൻ പടയും, മാസ് നദിക്കരയിൽ

# പോർവിളി!

(കെ. ജി. സേതുനാഥ്.)

(കാകളി)

ഉത്സവ, മുത്സവ, മുത്സാഹപൂരിതം
സത്സേവനങ്ങൾതൻ സൌമ്യസമ്മേളനം,
പോരുവിൻ, പോരിനായുത്സാഹസാന്ദ്രമ-
പ്പോർനിലം, നമ്മളെ നമ്മളായ്ത്തീർത്തിടും!
പോരുവിൻ, പോരിനായ്കർത്തവ്യനിഷ്ഠരായ്-
ഭാരതത്തിങ്കൽ ഭാവുകം വിതയ്ക്കുവാൻ.

ആയിരമായിരം വത്സരങ്ങൾക്കുമുൻ-
പാശ്രമംകെട്ടിക്കഴിഞ്ഞകാലങ്ങളിൽ,
ആയുധംകൊണ്ടേടരാടിയോർ നമ്മളി-
പ്പേയുററ സംഗരംകണ്ടു ഭയക്കയോ?
ഭാസുരം നമ്മുടെ മാതൃഭൂവിങ്കലാ-
നാസികൾ നൃത്തം തുടരുമോ, നിർഭയം?

ബോമ്പുകൾ, ഷെല്ലുകൾ, ടാങ്കുകൾ, വൻവിക്ഷ-
ക്കമ്പുപോലുള്ളൊരാപ്പീരങ്കിവണ്ടികൾ,
വാണങ്ങൾ, ബാണങ്ങളെത്ര വിമാനങ്ങൾ,
വീണുനശിച്ചു നശിച്ചുക്കുമാതലം?
കാലുകൈ, കണ്ണുമൂ,ക്കെല്ലാംവികൃതമാ-
യാലോലരക്താംബുപൂരത്തിലങ്ങിനെ

ചീഞ്ഞും, ചുളിഞ്ഞും, ചതഞ്ഞും പുതഞ്ഞുമാ-
യഞ്ഞൂറുലക്ഷം മനുഷ്യർ മാഞ്ഞീലയോ?
സാഹസം, സാഹസം ഫാസിസ്റ്റുഭ്രതമേ,
സാഹസം,—നിന്നവസാനമാസന്നമായ്!
ലോകംമുഴുവനും സന്നദ്ധമായിതാ
ഭീകരംനിന്നെ മറവുചെയ്തീടുവാൻ!!
മിന്നിത്തുടങ്ങീ വിജയം, വിജയ, മാ-
വെന്നിക്കൊടികളുയരുന്നിതെങ്ങുമേ.
കല്പനാസ്വപ്നങ്ങളെല്ലാം തകർന്നതാ
ജപ്പാൻമറവൂ മഹാസമുദ്രങ്ങളിൽ.
ഉന്മാദംപോലുപയുക്തമായ്ത്തീർന്നുപോയ്
ബർമ്മ; മമ്മസ്ഥാനമെത്തിക്കഴിഞ്ഞു നാം.

ഉത്സവ, മുത്സവ, മുത്സാഹപൂരിതം
സത്സേവനങ്ങൾതൻ സൌമ്യസമ്മേളനം
പോരുവിൻ, പോരിനാ, യുത്സാഹസാന്ദ്രമ-
പ്പോർനിലം നമ്മളെനമ്മളായ്ത്തീർത്തീടും
ഇൻഡ്യക്കുവേണ്ടി പടപൊരുതീടുവാ-
നിന്നുംവരുവിൻ വരുവിൻ സഖാക്കളേ!

അല്ലുംപകലുംപണിച്ചെയ്തുചെയ്തുനാം-
മല്ലലെവിടെയുമില്ലാതെയാക്കണം;
വണ്ണപ്പകിട്ടിൽ സമാധാനകന്ദളം
ചിന്നിച്ചിരിക്കും ജയക്കുറപാറണം;
ശാന്തിയും സൌഖ്യവും പൂവിട്ടുഭൂതലം
ശർമ്മദമത്തിൻനിഴൽപ്പാട പൂകണം;
ഉല്ലാസലോലമുലകിലെല്ലാവരും-
പുല്ലാംകുഴലുംവിളിച്ചുനടക്കണം;
നിത്യസമത്വസാഹോദര്യസ്വാതന്ത്ര്യ-
തത്വങ്ങളെങ്ങും വിളങ്ങിപ്പരക്കണം;
ഈ ലക്ഷ്യമൊക്കെയടയുവാൻനമ്മളി-
പ്പോരിങ്കലാദ്യം വിജയംവരിക്കണം.
സാമ്രാജ്യമേന്മോഹമാർന്നുള്ളതാം ജാപ്പ-
പ്പുഷ്ക്രാക്കരെയൊക്കെധൂളീകരിക്കണം!!
പോരുവിൻപോരിനായുത്സാഹസാന്ദ്രമ-
പ്പോർനിലം നമ്മളെനമ്മളായ്ത്തീർത്തിടും
ഇന്ത്യക്കുവേണ്ടിപ്പടപൊരുതീടുവാ-
നിന്നും വരുവിൻ, വരുവിൻ സഖാക്കളേ!

നിന്ന് ശത്രു പിന്മാറുന്നതിനിടയാക്കി, മദ്ധ്യരംഗത്തിലാണ് ജർമ്മനിക്കു ഏററവും വിക്ഷമമുണ്ടാകുന്നത്. റൈൻനദിയുടെ 'പടിഞ്ഞാറെ കരയിൽ' ഒന്നാമത്തേയും രണ്ടാമത്തേയും അമേരിക്കൻ സേനകൾ വേഗതയോടെ മുന്നോട്ടാഞ്ഞുകയറുന്നു. റണ്ട്സ്റ്റെഡ് ഇങ്ങിനെ പറഞ്ഞതായി പ്രസ്താവിക്കപ്പെടുന്നു: "മുമ്പൊരിക്കലും ഞങ്ങൾക്കു യുദ്ധം ഇത്ര വിലപിടിച്ചതായിട്ടില്ല." നവെമ്പർ 25-ാംനു ഗോബൽസ് വീണ്ടും ജർമ്മൻജനതയിൽ ഉന്മാദം ഇളക്കിവിടുവാൻ ശ്രമിക്കുകയുണ്ടായി; എന്നാൽ സഖ്യസേനകളുടെ വിമാനാക്രമണം ഞങ്ങളെ അഭിമുഖീകരിക്കുന്ന ഗൌരവപ്രശ്നങ്ങളിൽ ഒന്നാണെന്നും ഗോബൽസിന്നു സമ്മതിക്കേണ്ടി വന്നു. സഖ്യസേനകളുടെ വിജയത്തിന്നുള്ള ഒരു കാരണം അനുക്രമമായി സാമാനങ്ങൾ കൊണ്ടുവരുന്ന സൌകര്യങ്ങളാണ്. ഷെൽട്ടിലെ തടസ്സങ്ങളെല്ലാം നീക്കിയതോടുകൂടി അതിന്നു സുസാദ്ധ്യമായി വന്നിട്ടുമുണ്ട്. കൂടാതെ റോക്കററ് ടൈഫൂൺ ഉപയോഗിക്കലും വളരെയധികം ഫലവത്തായിട്ടുണ്ട്. കഴിഞ്ഞ യുദ്ധത്തിൽ ടാങ്ക് എത്രമാത്രം ജർമ്മനിയുടെ അവസാനപരാജയത്തിന്നു സഹായിച്ചുവോ, അതേമാതിരിയുള്ള ഒരു സ്ഥാനംതന്നെയാണ് ഈ യുദ്ധത്തിൽ റോക്കററ് ടൈഫൂണിന്നും ഉള്ളത്. ഹിററ്ലരും ആയാളെപ്പോലെയുള്ള ഉന്മാദികളും ശക്തിയുപയോഗിച്ചു ജർമ്മൻജനങ്ങളെ അത്ര കഠോരമായി അമർത്തി വെച്ചിരുന്നില്ലെങ്കിൽ, എത്രയോ മുമ്പു സഖ്യസേനകളുടെ ആക്രമണങ്ങളുടെ ഫലങ്ങൾ കൂടുതൽ കനത്തതാവുമായിരുന്നു. ഒരിക്കലും ചരിത്രത്തിൽ ഇത്ര ഭ്രാന്തുപിടിച്ച ഒരു രാഷ്ട്രത്തിന്നെതിരായി യുദ്ധം ചെയ്യപ്പെട്ടിട്ടില്ല. ഇതു കാണിക്കുന്നതെന്താണെന്നുവെച്ചാൽ, വ്യാമോഹിതരും, വിടന്മാരും ഉന്മാദികളും അന്ധന്മാരുമായിത്തീർന്ന ജർമ്മൻകാരെ യുദ്ധാനന്തരം നന്നാക്കുന്ന കൃത്യം എത്രയധികം ബുദ്ധിമുട്ടുള്ള പ്രശ്നമായിരിക്കുമെന്നാണ്.

# സോവിയററ വിദേശനയത്തിൻെറ അടിസ്ഥാന തത്വങ്ങൾ.

കുറച്ചു ദിവസങ്ങൾക്കു മുമ്പു സോവിയററ് വിദേശനയത്തിൻെറ അടിസ്ഥാന തത്വങ്ങളും ഉദ്ദേശ്യവും എന്താണെന്നു വിവരിക്കുകയുണ്ടായി. പലക്കും സോവിയററു വിദേശനയത്തെപ്പററി ആശങ്കകളും, അനുമാനങ്ങളും ഉണ്ട്. ഓരോരുത്തരും അവരവരുടെ ഭാവനാശക്തിയനുസരിച്ച് വ്യാഖ്യാനിച്ചുവരാറുള്ള ഒന്നാണിത്. ഇതിൻെറ പരിണതഫലം ഗൌരവമായ ഒന്നാണ്. യുദ്ധത്തിന്നു മുമ്പു, സോവിയററു യൂനിയനും ബ്രിട്ടനും തമ്മിൽ വേണ്ടത്ര സഹകരണമനോഭാവവും ഐക്യവും വന്നിട്ടില്ലെങ്കിൽ, അതിൽ വമ്പിച്ച ഒരു പങ്ക് ഈ ഊഹാപോഹവിദഗ്ദ്ധന്മാർക്കുണ്ടെന്നതിന്നു യാതൊരു സംശയവുമില്ല. യുദ്ധാനന്തരമുള്ള സോവിയററ് വിദേശനയത്തെപ്പററിയും പല പ്രചരണങ്ങളും ഇപ്പോഴും നടത്തിവരുന്നുണ്ട്—ഓരോ കക്ഷികളും അവരുടെ നയങ്ങൾക്കനുകൂലിച്ച വിധത്തിലും ഓരോ വ്യക്തിയും ആയാളുടെ മനോധർമ്മമനുസരിച്ചും. ഈ 'പാകംവരാത്ത' അനുമാനങ്ങളിൽനിന്നു നമ്മെ യാഥാർത്ഥ്യത്തിലേക്കു നയിക്കുന്ന ഒന്നാണ് താഴെ കൊടുക്കുന്ന സോവിയററു പ്രസ്താവന:—

(1) അവിടങ്ങളിലെ രാഷ്ട്രീയ സമ്പ്രദായം എന്തായാലും വേണ്ടില്ല, എല്ലാ രാഷ്ട്രങ്ങളുമായി സമാധാനപരമായ ബന്ധം സ്ഥാപിക്കുക;

(2) ഇരുഭാഗക്കാരുടേയും, പരമാധികാരവും സ്വാതന്ത്ര്യവും, രണ്ടു സമ്പ്രദായത്തിൻേറയും പരസ്പര നിലനില്പും പരിപാലിച്ചുകൊണ്ട്, എല്ലാ രാഷ്ട്രങ്ങളുമായി സാമ്പത്തികവും രാഷ്ട്രീയവുമായി സഹകരിച്ചു പ്രവർത്തിക്കുക;

(3) ഇരുഭാഗക്കാരേയും ആക്രമണത്തിൽനിന്നു രക്ഷിക്കുന്നതിന്നായി ഏതൊരു രാഷ്ട്രവുമായി ഉടമ്പടി ചെയ്യുക;

(4) അന്യദേശങ്ങളെ അടിമപ്പെടുത്തുന്ന സാമ്രാജ്യ വികസനനയം പരിത്യജിക്കുക;

(5) ഏതൊരു രാഷ്ട്രത്തിൻേറയും അഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുക;

(6) ഫാസിസ്റ്റാക്രമികൾക്കെതിരായുള്ള സമരത്തിൽ സ്വാതന്ത്ര്യസ്നേഹികളായ രാഷ്ട്രങ്ങളുടെ കൂട്ടുകെട്ടിനേയും, അന്യോന്യ ബന്ധത്തേയും ശക്തിപ്പെടുത്തുക.





സീഗ്ഫ്രീഡ് നിരയിൽപ്പെട്ട ഒരു "ബ്ലോക്ക് ഹൌസി"ന്നു മുമ്പിൽ സഖ്യസേനകൾ

## "ചുഴലിക്കാററിൽപ്പെട്ട ജപ്പാൻ"

"സൈപ്പനിൽനിന്നു ജപ്പാനെ ലക്ഷ്യമാക്കി ചെയ്ത ബോമ്പുവർഷം നിമിത്തം ജപ്പാൻെറ ഹൃദയം കലുങ്ങിയിരിക്കുന്നു.

ജപ്പാൻെറ യുദ്ധയന്ത്രത്തെ ഞങ്ങൾ പൊടിച്ചുകളയും. ജപ്പാൻകാർ അവരുടെ തൊഴിൽശാലകൾ എവിടെ ഒളിച്ചുവെച്ചാലും വേണ്ടില്ല, ഞങ്ങൾ അവയൊക്കെ തേടിപ്പിടിച്ചു നശിപ്പിക്കും. ഞങ്ങൾ അതു ചെയ്യാൻ പോവുകയാണ്. ജപ്പാൻ കാററു വിതച്ചു; ഇപ്പോൾ അതു ചുഴലിക്കാററു കൊയ്യട്ടെ."

—യു. എസ്സ്. വിമാനസേനയുടെ നായകനായ ജനറൽ ഹെൻറി എച്ച്. ആർനോൾഡ് വാഷിങ്ടനിൽവെച്ചു 1944 നവെമ്പർ 24-ാംനു- ചെയ്ത പ്രസ്താവന.

## കീർത്തി മുദ്ര

(പി. ആർ. വാരിയർ)

[ആസ്സാം യുദ്ധരംഗത്തിൽ ഒരു ജാപ്പു സൈന്യത്തെ തോല്പിച്ചോടിച്ച സൈന്യനായകന്നു "കീർത്തിമുദ്ര" സമ്മാനിക്കുന്നു.]

കാണാം വീരഭടൻെറ ധീരതയെഴും
മാറിൽത്തിളങ്ങീടുമ-
ച്ചേണാർന്നാദൃത 'കീർത്തിമുദ്ര'—വിജയം
നേരും സുവർണ്ണാക്ഷരം.
നീണാൾ ധീരതയാളി നിന്നരണഭൂ-
വിന്നുള്ള രക്താർപ്പണ-
ശ്ലോണച്ഛായ പൊടിഞ്ഞു കാൺമു നിതരാ-
മക്കീർത്തി ചിഹ്നത്തിലായ്.

ഗ്രാമത്തിങ്കൽ നിരാശയാലെ നെടുവീ-
ർപ്പിട്ടുന്നനുദ്യോഗനായ്
ധാമത്തിൻെറ മുറിയ്ക്കകം വിരളമാ-
മാശാപഥം തീർത്തവൻ;
ഭീമം ജാപ്പുഗണത്തെ നൈജരണനൈ-
ദഗ്ദ്ധ്യത്താലെയോടിച്ചതിൽ
ശ്രീമൻ ഭാവുക 'കീർത്തിമുദ്ര'യണിയും
സേനാനിയായ്ത്തീർന്നയാൾ.

ത്യാഗത്തിൻെറ മനോജ്ഞദീപ്തി ചിതറും
പോർമന്നിലെ ക്കാഹളാ-
വേശം യോധഗണത്തിനാജ്ഞ നിഭൃതം
നൽകീടുമാ സൈനികൻ;
ഭോഗത്തിൻെറ നിരാശ നീറിയ നിഴൽ-
പ്പാടൊട്ടു ചേരാത്തതാം
ത്യാഗത്തിങ്കലുദിച്ചുയർന്നു നവമാം
പൊൽത്താരകാ പോലവെ.

നൂനം കാഞ്ചനരാജിതാക്ഷരമെഴു-
ന്നക്കീർത്തി ചിഹ്നം സ്വയം
മാനംചേർന്ന ഭടൻെറ മാറിലണിയി-
ച്ചീടുന്ന നേരത്തലം
ആനന്ദാവേശമാർന്നീടിന തനുവിൽ
രോമഹർഷം പൊടിഞ്ഞു,
നാനാലോല വികാരമാർന്ന വദന-
ത്തിൽക്കണ്ടു നൽപ്പുഞ്ചിരി.

പോകൂ നാസിസഭീമമാംകരയുഗം
തട്ടിത്തകർത്തീടുവാൻ,
ലോകത്തിന്നിരുൾചേർത്തിടും നിശിതമാം
ജപ്പാനെ വെന്നീടുവാൻ;
നാകത്തിൻെറ മനോജ്ഞ 'ശാന്തി'യുലകിൽ
ചേർത്തീടുവാൻ സോദരാ,
പോകൂ; ജീവിത വൈജയന്തിയുലകിൻ
രക്ഷക്കുയർത്തു ജവാൻ!

# ഒടുവിൽ സ്വതന്ത്രരായി!

## ജപ്പാൻകാരിൽനിന്നു രക്ഷപ്പെട്ടുവന്ന ഇന്ത്യൻ യോദ്ധാക്കൾക്കു മദ്രാസ് സ്വാഗതമരുളുന്നു

തെക്കുകിഴക്കൻ പസഫിക്കിൽ പെട്ട ഹോളൻഡ്യവനങ്ങളിലൂടെ വിസ്മയാവഹമായ വിധത്തിൽ രക്ഷ പ്രാപിച്ചു, ഒരു യു. എസ്. ക്രൂയിസറിലൂടെ ഇന്ത്യയിലെത്തിച്ചേർന്ന ഒരു സംഘം ഇന്ത്യൻ ഭടന്മാർ ഈയിടെ മദ്രാസിൽ വരികയുണ്ടായി.

16-ാം പഞ്ചാബു റെജിമെന്റിൽപ്പെട്ട ഭടന്മാരാണ് അവർ. ഇപ്പോൾ ഉത്തരേന്ത്യയിലുള്ള അവരുടെ ഗൃഹങ്ങളിലേക്കു തിരിച്ചിരിക്കുന്നു. താഴെ കാണുന്ന ചിത്രങ്ങൾ അവർ മദിരാശിയിലൂടെ പോയപ്പോൾ എടുക്കപ്പെട്ടതാണ്.


ഹോളന്ത്യയിൽ ശത്രുക്കൾക്കധീനമായി പണിയെടുത്തു വന്നിരുന്ന ഇന്ത്യൻ സേനകൾക്കു സർവ്വദാ സഖ്യസേനകളുടെ താവളങ്ങളെപ്പററിയെല്ലാം ഇൻഡോനേഷ്യക്കാരിൽനിന്നു വിവരങ്ങൾ ലഭിച്ചിരുന്നു. ഭയങ്കരമായ ഒരമേരിക്കൻ ബോംബാക്രമണം നിമിത്തം, ജാപ്പുകൾ പിൻവാങ്ങുവാൻ ആരംഭിച്ച സമയത്തു ഈ ഇന്ത്യക്കാർ സമീപസ്ഥമായ വനങ്ങളിലേക്കും പർവ്വതപ്രാന്തങ്ങളിലേക്കും കുതിച്ചു പാഞ്ഞു രക്ഷപ്പെട്ടു



മദ്രാസിലിറങ്ങിയപ്പോൾ അവരെ മാലയണിയിച്ചു

സഖ്യപക്ഷത്തിന്റെ വിമാനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിന്നായി "ബ്രിട്ടീഷ് ഇന്ത്യക്കാരായ യുദ്ധത്തടവുകാർ" എന്നു എഴുതിയ ഒരു വെള്ളത്തുണി, കാട്ടിൽ ഒരു തുറന്ന സ്ഥലത്തു വെച്ചിരുന്നു. പക്ഷെ ഇതുകൊണ്ടു യാതൊരു ഫലവുമുണ്ടായില്ല. പിറേറ ദിവസം ഓരോരുത്തനും ഒരു വെള്ള കൊടിപിടിച്ചുകൊണ്ടും, രണ്ടു വെള്ളക്കൊടികൾ പിടിച്ച ഒരു സിഗ്നലർ ഉള്ളതുമായ ഒരു സംഘത്തെ അവർ അയച്ചു. സിഗ്നലർ ഒരു എസ്. ഒ. എസിനെ, ദൂരെകണ്ട ഒരു യു. എസ് ക്രൂയിസറിലേയ്ക്കയച്ചു. ക്രൂയിസർ അവർക്കു അനുകൂലമായ മറുപടി നൽകി. ഒരു പ്രത്യേക സ്ഥലത്തുവന്നു കയറുന്നതിന്നായി ക്ഷണിച്ചു.

ഹോളന്ത്യയിലെ കടൽക്കരയ്ക്കരികിലുള്ള മൈതാനത്തിലെ പൊന്തകളിലൂടേ ഇഴഞ്ഞു അന്നു രാത്രി അവർ ക്രൂയിസറിൽ കയറി. അപ്പോഴത്തെ സന്തോഷരംഗങ്ങൾ വിചിത്രങ്ങളായിരുന്നു.



ബ്രിഗേഡിയർ മാക്ഗ്രിഗർ ട്രാൻസിററ് ക്യാമ്പിൽവെച്ചു അവരെ സ്വീകരിക്കുന്നു

"ഞങ്ങളുടെ സംഘത്തിലെ ആദ്യത്തെ കൂട്ടർ അമേരിക്കൻ പട്ടാളക്കാരെ കണ്ട സമയത്തു അതൊരു വിഷമഘട്ടമായിരുന്നു. ഒരു യു.എസ്. രക്ഷിഭടൻ ആയാളുടെ ടോമിഗൺ ചൂണ്ടിക്കൊണ്ട്, ആദ്യ സംഘത്തിന്റെ നേർക്കടുത്തു. ഞങ്ങൾ ഇന്ത്യക്കാരാണെന്നു മനസ്സിലാക്കിയപ്പോൾ ആയാൾ തോക്കു താഴെയിട്ടു ഞങ്ങളെയെല്ലാം കെട്ടിപ്പുണർന്നു." ഈ സംഘത്തിന്റെ നേതാവായ ജമേദാർ വിശ്വംഭർ ആ രംഗത്തെ ഇങ്ങിനെ വിവരിക്കുന്നു.

അവർക്കു മദ്രാസിൽ നൽകിയ സ്വാഗതം സൌഹാർദ്ദം നിറഞ്ഞതായിരുന്നു. അവർ കയറി വരുന്ന വണ്ടിയണഞ്ഞപ്പോൾ, അവർക്കു സ്വാഗതമരുളിക്കൊണ്ടുള്ള ഹിന്ദുസ്ഥാനി ഗീതങ്ങൾ ഉച്ചഭാഷിണിയിൽനിന്നും മുഴങ്ങി. സൈന്യമേധാവികൾ അവരെ മാലയണിയിച്ചു. സബ്ബ്

# ജാപ്പാന്റെ അധീനത്തിലുള്ള ചൈന

മഞ്ചൂറിയയിലെ സ്ഥിതിഗതികളെപ്പററി കഴിഞ്ഞ ലക്കത്തിൽ സംക്ഷിപ്തമായി പ്രതിപാദിച്ചിരുന്നുവല്ലൊ. ഇനി നമുക്കു ജപ്പാൻ ചൈനയിൽ കൈവശപ്പെടുത്തി വെച്ചിരിക്കുന്ന പ്രദേശങ്ങളിൽ നടത്തുന്ന അക്രമങ്ങളും അഴിമതിളും എത്രമേൽ കഠോരവും, ക്രൂരവുമാണെന്നു ഒന്നു പര്യാലോചിക്കാം. മഞ്ചൂറിയയിൽ ജപ്പാന്റെ സ്വാധീനത്തിലുളള ഒരു പാവചക്രവർത്തിയുണ്ടു്; ചൈനയിലാകട്ടേ, നാങ്കിങ്ങിൽ ഒരു 'പ്രസിഡണ്ടാണു'ള്ളതു്. ജാപ്പുകാര്യാലയത്തിന്റെയും പട്ടാളത്തിന്റേയും നിയന്ത്രണത്തിലുള്ള ഒരു "സ്വതന്ത്ര" പ്രസിഡണ്ടു്!

### ഭക്ഷണപ്രശ്നം

ജപ്പാന്റെ കീഴിലുളള ചൈനയിൽ ഭക്ഷണസ്ഥിതി വളരെ ഗൗരവനിലയിലെത്തിയിരിക്കുന്നു. ഇതിന്നുകാരണം പാവഗവമ്മേണ്ടിൽപ്പെട്ട ഉദ്യോഗസ്ഥപ്രഭുക്കളുടെ വിവരമില്ലായ്മയും അഴിമതികളുമാണു്. മാത്രമല്ല, ജാപ്പാൻകാക്കു ആവശ്യമായ ഭക്ഷണസാമഗ്രികൾ എടുത്തുവെച്ചതിന്നുശേഷമേ, റേഷൻ ചെയ്യുന്നുളളു. ഷാങ്ങ്ഹായിൽ ഭക്ഷനിയന്ത്രണത്തിന്റെ സവ്വ ഉത്തരവാദിത്വങ്ങളും ബാദ്ധ്യതകളും ജപ്പാൻകാരുടെതായ 'സെൻട്രൽ ചൈന ഫുഡ് റേഷനിങ്ങ് കമ്പനി'യ്ക്കാണു്. ഭക്ഷണം റേഷൻ ചെയ്തിരിക്കുന്നു. ഒരാൾക്കുള്ള വിഹിതം 10 ദിവസം കൂടുമ്പോൾ രണ്ടു റാത്തൽ അരിയും രണ്ടു റാത്തൽ ഗോതമ്പുമാണു്. ഒരാൾക്കു അഞ്ചു ദിവസത്തേക്കു മാത്രമേ ഈ ഭക്ഷണം മതിയാവുകയുളളു. ബാക്കി അഞ്ചു ദിവസങ്ങളിൽ, ഒന്നുകിൽ കരിഞ്ചന്തയെ ആശ്രയിക്കുകയൊ അല്ലാത്തപക്ഷം പട്ടിണി കിടക്കുകയൊ ചെയ്യണം. സവ്വത്ര പകച്ചവ്യാധികളും മററു രോഗങ്ങളും പടർന്നു പിടിച്ചിരിക്കുന്നു; ചികിത്സക്കു വേണ്ട മരുന്നുകളൊന്നും കിട്ടുവാനുമില്ല.

ജാപ്പാൻകാക്കൊഴികെ ബാക്കി എല്ലാവക്കും രണ്ടു മണിക്കൂർനേരം മാത്രമേ വിദ്യുച്ഛക്തി ഉപയോഗിക്കുന്നതിന്നു അനുവാദമുളളു. ജപ്പാൻകാരുടെ നിയന്ത്രണത്തിലുള്ള 'അവിയൻ' ഷാപ്പുകളിലും മദ്യശാലകളിലും എത്രനേരമെങ്കിലും വിദ്യുച്ഛക്തി ഉപയോഗിക്കാവുന്നതാണു്. കാരണം ജപ്പാൻകാക്കു് കുടിച്ചുകൂത്താടുവാനുള്ള സ്ഥലങ്ങളാണു് അവ.

ജപ്പാൻകാക്കു ആരെയെങ്കിലും അറസ്റ്റു് ചെയ്യണമെന്നു് വരുന്നപക്ഷം, അവർ ആ പ്രദേശം മുഴുവൻ ഒററപ്പെടുത്തുന്നു. അവിടേയ്ക്കുള്ള ഗതാഗതം നില്ക്കുന്നു, സാമാനങ്ങൾ നിർത്തൽ ചെയ്യുന്നു, ഭക്ഷണംകൂടി കിട്ടാതാകുന്നു മിക്കവാറും വിദ്യാത്ഥികൾ, ബുദ്ധിജീവികൾ, ഇവരാണു് ജപ്പാന്റെ ദണ്ഡനത്തിന്നു വിധേയരാകാറുള്ളവർ. ഇക്കാരണത്താൽ അനവധി പേർ പട്ടിണികിടന്നു മരിക്കുന്നു.

ഷാൻസി സംസ്ഥാനത്തിൽപെട്ട ടേയാൻ എന്ന സ്ഥലത്തു മഞ്ഞുകാലത്തു പെണ്ണുങ്ങളും കിടാങ്ങളുമടക്കം അനവധിപേർ തണുത്തു കോച്ചി മരവിച്ചു മരിച്ചുപോയി.

ചുങ്കിങ്ങിൽനിന്നുള്ള ഒരു റിപ്പോർട്ടു് പ്രകാരം ശത്രുക്കളുടേയും പാവ ഗവമ്മേണ്ടിന്റേയും പട്ടാളക്കാർ പിപ്പിങ്ങിൽപെട്ട സവ്വസ്ഥലങ്ങളിലും കവച്ച നടത്തുകയുണ്ടായി. ഏററവും ജനബഹുലമായ സ്ഥലത്തുകൂടെ അരിയും മററു സാമഗ്രികളും കൊളളചെയ്യപ്പെട്ടു. സാധുജനങ്ങൾ ദിനം മരിക്കുന്നു, മുഴുവൻ നഗരവും പട്ടിണിക്കിടയിലാണു്.

### ജാപ്പുകളെപ്പററി ബമ്മയിലെ ഗ്രാമീണരെന്തു പറയുന്നു?

"ജപ്പാൻകാർ നായ്ക്കളെപ്പോലെ ജീവിയ്ക്കുന്നു. നായ്ക്കളെപ്പോലെ പെരുമാറുന്നു, നായ്ക്കളെപ്പോലെ തിന്നുന്നു, ഇപ്പോൾ നായ്ക്കളെപ്പോലെ മരിക്കുകയും ചെയ്യുന്നു."

ഇതു ബമ്മയിൽ ടാമു പ്രദേശത്തുള്ള ഒരു ഗ്രാമത്തലവന്റെ അഭിപ്രായമാണു്. ഈ സ്ഥലത്തെ സഖ്യസേനകൾ സ്വതന്ത്രമാക്കിയപ്പോൾ, അവിടം സന്ദശിച്ച ഒരു ഇന്ത്യൻ നിരീക്ഷകൻ കേട്ടതാണു്. ജപ്പാൻകാരെപ്പററി ബമ്മക്കാക്കുള്ള അഭിപ്രായമെന്താണെന്നു് ഇതിൽനിന്നു തികച്ചും വ്യക്തമാകുന്നുണ്ടു്. "സ്വാതന്ത്ര്യം നൽകാൻ വരുന്നവരാണെന്നു" ഉറക്കെപറഞ്ഞു വന്ന ഈ കുള്ളന്മാരോടു അവക്കു ലേശംപോലും ഇഷ്ടമില്ല തന്നെ.

ജാപ്പുകൾ ഇന്ത്യയിലേക്കു പ്രവേശിച്ച അവസരത്തിൽ ഈ ഗ്രാമീണർ ടാമുവിലേക്കു വന്നു. അവർ ജനങ്ങൾ അത്ര സുഖമായി കണ്ടപ്പോൾ അവക്കു അത്ഭുതം തോന്നി. ഇതൊക്കെ അനുഭവിക്കുന്നതിന്നു "ബ്രിട്ടീഷുകാർ നിങ്ങളെ അനുവദിച്ചുവെന്നാണൊ പറയുന്നതു്? ജാപ്പുകൾ ഞങ്ങളോടു പറഞ്ഞതു്, നിങ്ങളെല്ലാം പട്ടിണി കിടക്കുകയെന്നാണു്" ഒരു ഗ്രാമത്തലവൻ പറഞ്ഞു. ഇന്ത്യക്കാരും ബ്രിട്ടീഷുകാരുമായ സേനകൾ കാബാതാഴ്‌വരയും ടാമുവും കയ്യശപ്പെടുത്തിയപ്പോൾ, അന്നാട്ടുകാരൊക്കെ കാട്ടിൽനിന്നും വയലുകളിൽനിന്നും ജോലിയന്വേഷിച്ചോടിവന്നു. പിൻതിരിഞ്ഞോടുന്ന സമയത്തു് ജാപ്പുകൾ പലപ്പോഴും ആ ഗ്രാമങ്ങൾ തീയിട്ടെരിച്ചുകളയാറുണ്ടു്. ആ ഗ്രാമനിവാസികൾ തൽഫലമായി അങ്ങുമിങ്ങും തെണ്ടിതിരിഞ്ഞു നടക്കേണ്ടിവന്നു. ഇപ്പോൾ അവിടങ്ങളിലൊക്കെ പുതുഗ്രാമങ്ങൾ നിമ്മിക്കുന്നുണ്ടു്; രോഗബാധിതരായവരെ പട്ടാളത്തിലെ ഡോക്ടർമാർ ശുശ്രൂഷിച്ചുവരുന്നു. ഗ്രാമീണക്കു് ഭക്ഷണവും വസ്ത്രവും മററും വാങ്ങുന്നതിന്നുവേണ്ടി, പ്രയോജനപ്പെടുത്തുന്നതിന്നായി അവക്കു് ജോലികളും കൊടുത്തുവരുന്നുണ്ടു്.

ഇപ്പോൾ അവർ സന്തോഷമുള്ളവരായി കാണപ്പെടുന്നു. ദിവസംപ്രതി 1 ക. കൂലി അവക്കു കിട്ടുന്നുണ്ടു്. നിയന്ത്രിത വിലയ്ക്കു അവക്കു സാമാനങ്ങളും കിട്ടിവരുന്നു.

---

ഏരിയ കമാണ്ടർ, ബ്രിഗേഡിയർ മക്ഗ്രഗർ, തുടങ്ങിയ പല ഉയർന്ന സൈനികോദ്യോഗസ്ഥന്മാരും തദവസരത്തിൽ സ്റ്റേഷനിൽ സന്നിഹിതരായിരുന്നു. ട്രാൻസിററ് ക്യാമ്പിൽവെച്ചു ഓഫീസർ കമാണ്ടിംഗ് ലഫ്ടണൻറ് കേണൽ, എൽ. എഫ്. മിക്ക് അവരെ സ്വീകരിച്ചു. ഇന്ത്യൻ സേനയ്ക്കുവേണ്ടി അവക്കു സ്വാഗതമരുളിയ സബ് ഏരിയ കമാണ്ടർ, അവരെ ആശംസിച്ചു.

ഇന്ത്യൻ ആതിത്ഥ്യസമിതി (ഇന്ത്യൻ ഹോസ്പിററലിററിക്കമ്മിററി) അവക്കു ഒരു വിരുന്നു നൽകി. മദ്രാസ് ഗവണ്ണരുടെ സഹധമ്മിണിയായ എച്ച്. ഇ. ലേഡി ഹോപ്പ്, പിത്താപുരം രാജകുമാരൻ, മിസിസ് ബാട്‌ലിവാല ഇവരൊക്കെയും ഈ വിരുന്നൂട്ടിൽ സംബന്ധിച്ചിരുന്നു. ലേഡി ഹോപ്പ് ഇവക്കു ടവ്വലും സോപ്പും നൽകി.

"ഞങ്ങളുടെ മാതൃഭൂമിയിൽ തിരിച്ചുവന്നതിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണു്." ഹോഷിയർപുരം ജില്ലയിലെ ഭാനോവൽ ഗ്രാമക്കാരനായ ജമേദാർ വിശംഭർ പറഞ്ഞു. "ജപ്പാൻകാരെ പ്രഹരിക്കുവാനുള്ള സംരംഭത്തെ തുടരുന്നതിന്നു ഇപ്പോൾ ഞങ്ങൾക്കൊരവസരം ലഭിച്ചിരിക്കുന്നു."



ലേഡി ഹോപ്പ് ടവ്വലും സോപ്പും സമ്മാനിക്കുന്നു. പിത്താപുരം രാജകുമാരനും മിസിസ് ബാട്‌ലിവാലയും കൂട്ടത്തിലുണ്ടു്.

# അമ്മയോട്

[കെ. ജി. പിള്ള]

[ശ്രീ പിള്ള റോയൽ ഇന്ത്യൻ നേവിയിൽ ഒരു "ഏബൾ സീമെൻ" ആണ്]

(മഞ്ജരി)

അമ്മേ നിൻ മക്കളാമീ "ഇൻഡ്യൻയോദ്ധാക്കൾ"
കർമ്മധീരന്മാർ, കഴിവെഴുന്നോർ.
പണ്ടു "കുരുക്ഷേത്ര"ത്തിങ്കലീസ്സിദ്ധികൾ
കണ്ടുകഴിഞ്ഞു സശ്രദ്ധമായ് നീ-
അന്നവർ തമ്മിൽപ്പിണങ്ങിയെന്നാകിലും
പിന്നേയും ധർമ്മമവർ പുലർത്തി:
വീരപ്രസൂവാം നിൻപൈതങ്ങളിബ്ഭടർ
പോരിൽപരാജയം കണ്ടിടാത്തോർ;
ഞങ്ങളോ വൈരികുലധ്വംസനത്തിനാ
യെങ്ങുമേ കയ്യേന്തിയായുധങ്ങൾ!

ധീരന്മാരാകുമിബ്ഭാരതവീരന്മാർ,
ഘോരാരിധ്വംസനത്താൽ രസിപ്പോർ!
ഭാരതവീരർതൻ നാമശ്രവണത്തിൽ
പാരിടമൊന്നു വിറയ്ക്കുകില്ലേ?
നീരജഘോഷം ശ്രവിക്കുമുരഗംപോൽ
വേപഥു "ജാപ്പാനും" കൊള്ളുകില്ലേ?
പോർമ്മദത്തോടെങ്ങൾ തോക്കെടുത്തീടവേ
"ജർമ്മനി"യോടി യൊളിക്കയില്ലേ?
ആംഗലസോദരന്മാരും, "മമേരിക്കർ"
സംഗരധീരരാം ചീനക്കാരും
ഉണ്ടമ്മേ! ഞങ്ങൾക്കു പിന്തുണ; വൈരികൾ
കണ്ടേടത്തെങ്ങും ഭയന്നു പായും!
അല്ലെങ്കിലെന്തിനു പിൻതുണ ഞങ്ങൾക്കു
കല്യന്മാരല്ലേന്നോ ഭാരതീയർ?
പോരിൽമരിച്ചേക്കാം ഞങ്ങളിലൊട്ടുപേർ
പാരിൽമരണം ഭടനേയുള്ളൂ?
നിന്നഭിമാനത്തിൽ മാറ്റുകൂട്ടീടാനേ-
നിന്മക്കൾപോരിൽ മരിക്കയുള്ളൂ!
അമ്മക്കൾ തൻനാമമെന്നമ്മേ പാടിനീ
കോൾമയിർക്കൊണ്ടു പ്രസന്നയാകും.
തായേ! യീ ഞങ്ങൾ കരവാളിളക്കവേ,
ആയിരമായിരം ജാപ്പുട്ടക്കർ
കണ്ഠംമുറിഞ്ഞു, കരളററു നഷ്ടമാം;
കുണ്ഠിതമെന്തിനു പിന്നെയമ്മേ?
വീഴുകിൽ മാഴ്കേണ്ടാ ഞങ്ങൾ വിജയമാം-
തീർത്ഥജലത്താൽക്കഴുകികൊള്ളാം
ഏതുഗ്രവീര്യത്തിൽ സാരമാണമ്മേയെൻ
നാഡികൾക്കുള്ളിൽ നീ കുത്തിവച്ചു?
വന്നുനിറതോക്കുമായെൻറ സോദരർ
നിന്നുകഴിഞ്ഞിതണി നിരന്നു.

മുന്നോട്ടു നോക്കുവിൻ, മന്ദാരത്തുമലർ-
മാല്യവുമായിതാ വെററിവേഗം
തൂമകലരുന്ന പുഞ്ചിരിതൂകിക്കൊ-
ണ്ടോമലാളെത്തുന്നു പോർക്കളത്തിൽ!
മുമ്പോട്ടു മുമ്പോട്ടു പോവുക നാമെല്ലാം
വെമ്പി വിജയത്തിൻ മാല്യം ചാർത്താൻ!!



ജനറൽ ബ്രാഡ്‌ലിയുടെ നേതൃത്വത്തിലൂടെ 1-ാം സേന ജർമ്മനിയിൽ ആക്കനിലേക്കുള്ള റോഡിലൂടെ പോകുന്നു

## ചോരത്തിളപ്പുള്ള ചുവപ്പുസേനയുടെ വിജയയാത്ര

# അതൃത്തിയ്ക്കപ്പുറം

[എൽ. കുഡ്രേവടിക്]

മഴ വല്ലാതെ പെയ്തിരുന്നതിനാൽ റോഡിൽ ചളിനിറഞ്ഞിരുന്നു. അതുകൊണ്ടു ഗതാഗതം വളരെ വിഷമമായിത്തോന്നി. എന്നാലും ഭടന്മാർക്കു വളരെ ഉത്സാഹവും ഊർജ്ജസ്വലതയും ഉണ്ടായിരുന്നു; അവർ ചളിയിലിഴഞ്ഞാലും, കാലടികൾ മണ്ണിലാഴ്ന്നാലും അവയൊന്നും ഗണ്യമാക്കാതെ മുന്നോട്ടു ആഞ്ഞുനടന്നു. ആരും ആക്ഷേപം പറഞ്ഞില്ല. കുതിരപ്പടയാളികൾ സസന്തോഷം തങ്ങളുടെ കുതിരകളെ മുന്നോട്ടു നയിച്ചു.

ആ താഴ്വാരത്തിലൂടെ പോയാൽ ചെല്ലുന്നതു് ഷ്ക്കേർപിന്റ എന്ന കൊച്ചുനദിയ്ക്കരികിലേക്കാണു്. സാപ്പർമാർ അതിന്മീതെ ഒരു പാലം പണിപൂർത്തീകരിച്ചിട്ടേ ഉള്ളൂ. അക്കരെ "ഈസ്റ്റ്പ്രഷ്യ" എന്നു എഴുതിയ ഒരു ചൂണ്ടിപ്പലക കാണാനുണ്ടു്. ഭടന്മാരും സാമാനങ്ങളും ഒരു അരുവിപോലെ അക്കരെക്കു പ്രവഹിച്ചു. സോവിയറ്റു ഭടന്മാർ ശത്രുരാജ്യത്തേക്കു കടന്നു; ഹിറ്റ്ലരുടെ ജർമ്മനിയിലേക്കു്.

പാലത്തിന്മേലെ ഒരു ലോറി പാഞ്ഞുപോകുന്നു. ഒരു ഭടൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "നോക്കൂ ഈ ലോറി വളരെ ക്ഷീണിച്ചിരിക്കുന്നു. പാവം! സ്റ്റാലിൻഗ്രാഡിൽനിന്നു ഈസ്റ്റ്പ്രഷ്യയിലേക്കു പാഞ്ഞുവന്നിരിക്കുന്നു."

സന്ദേശവാഹകൻ ആരോടോ ഇങ്ങനെ പറഞ്ഞു: "ഞങ്ങളുടെ പട്ടാളം ജർമ്മൻ മണ്ണിൽ പ്രവേശിക്കുന്നതു നിങ്ങൾ കാണണം." കൈ പിടിച്ചു കുലുക്കികൊണ്ടു, അന്യോന്യം ആശംസിച്ചുകൊണ്ടു, തൊപ്പി തലയിൽനിന്നെടുത്തു ഒരു ശപഥം ചെയ്യുന്നത്ര ഗൌരവത്തിൽ 'ജർമ്മൻകാരെ ഞങ്ങൾ അവരുടെ രാജ്യത്തുവെച്ചുതന്നെ നശിപ്പിക്കും' എന്നു ഉച്ചരിക്കുന്ന ആ കാഴ്ച അത്ഭുതാവഹമാണു്."

പാലം കടന്നാലുടൻ പലയിടങ്ങളിലേക്കുമുള്ള വഴികൾ കാണുന്നു. ചിലർ വയൽ മുറിച്ചു കടന്നു; സോവിയറ്റ് പീരങ്കിപ്പടയിട്ട വഴിയാണു് ഇതു്; ദൂരെ നിന്നു പീരങ്കികളുടെ ഗർജ്ജനം കേൾക്കാനുണ്ടു്. ചക്രവാളത്തിൽ ഒരു ചുമർപോലെ പുക പൊങ്ങിക്കാണുന്നു. അവിടെ ഘോരസമരം നടക്കുന്നു; മനുഷ്യനും യന്ത്രങ്ങളും വിജയം വരിക്കാൻ കിണഞ്ഞുപൊരുതുന്നു....!

ജർമ്മൻകാർ ഉപേക്ഷിച്ചുപോയ ആദ്യത്തെ ഗ്രാമങ്ങളും നിലങ്ങളും. ഇതാ നിവാസികൾ ഒഴിച്ചുപോയ ഒരു വീടു്. ഒരൊറ്റ നോട്ടത്തിൽ മനസ്സിലാക്കാം ഇതു് ഒരു ജർമ്മൻ ആഫീസ്സരുടേതാണെന്നും ആയാൾ പൌരസ്ത്യരംഗത്തിൽ ഉണ്ടായിരുന്ന ആളാണെന്നും. കൊക്കേഷ്യൻ പരവതാനികളാണു് മുറികളിൽ വിരിച്ചിരിക്കുന്നതു്. മിൻസ്കിലെ നിർമ്മാണശാലയിൽ നിർമ്മിച്ചതാണു് അലമാറകൾ എന്നു ട്രേഡ്മാർക്ക് നോക്കിയാൽ മനസ്സിലാകും. ഇതെല്ലാം കുറിക്കുന്നതു് ഈ ആഫീസർ ഇവ റഷ്യയിൽ നിന്നു കവർന്നെടുത്തുകൊണ്ടുവന്നു സുഖിച്ചുകൂട്ടുകയായിരുന്നു; ഇപ്പോൾ അതുപേക്ഷിച്ചു ആയാൾ ഓടിപ്പോയി.

"ഞങ്ങളുടെ പട്ടാളക്കാർ ഇതെല്ലാം കാണും" ഒരു സോവിയറ്റ് കേണൽ പത്രലേഖകനോടു പറഞ്ഞു "അപ്പോൾ അവർ കൂടുതൽ ഉശിരോടെ പൊരുതും."

"നിങ്ങൾ ഈ സ്ഥലം എങ്ങിനെ ഇഷ്ടപ്പെടുന്നു" ജനറൽ പത്രലേഖകനോടു ചോദിച്ചു ജർമ്മൻകാർ ഇതു് നിർമ്മിച്ചപ്പോൾ, ഈ സ്ഥലം സോവിയറ്റ് ജനറലിന്റെ തലസ്ഥാനമാവുമെന്നു ഒരിക്കലും വിചാരിച്ചിരിക്കയില്ല.

ഒരു പ്രധാന പാതയാണു് പട്ടാളക്കാർ ആക്രമിക്കുന്നതു്. ജനറൽ വീടിന്റെ മോന്തായത്തു കയറിനില്ക്കുന്നു. അദ്ദേഹത്തിന്നു ദൂരക്കണ്ണാടിയിലൂടെ എല്ലാം കാണാനുണ്ടു്.

"ഈ വിജയത്തിൽ നമ്മുടെ ആളുകൾ എത്രമാത്രം ആനന്ദഭരിതരാകുമെന്നു ഞങ്ങൾക്കറിയാം" പുഞ്ചിരിതൂകിക്കൊണ്ടു ജനറൽ പറഞ്ഞു: "എന്നാൽ ഇന്നാദ്യമായിട്ടാണു് എന്റെ യൂനിറ്റിൽ ഇത്ര വളരെ ഉത്സാഹം ഞാൻ ദർശിക്കുന്നതു്.

മുറിപ്പെട്ടവരുംകൂടി പോർക്കളത്തിൽനിന്നു മടങ്ങിപ്പോവുന്നതിന്നു മടിക്കുന്നു. ഒരു ഭടനായ യാക്കോവ് ലവിനു ജർമ്മൻ അതൃത്തിക്കടുത്തു എത്തിയപ്പോൾ മുറിപ്പെട്ടു. ഞാൻ ആയാളെ ആസ്പത്രിയിലേക്കു നീക്കം ചെയ്യുന്നതിന്നു ആജ്ഞാപിച്ചു. പക്ഷെ ആയാൾ മറുപടി പറഞ്ഞു: "ജർമ്മൻ മണ്ണിൽ എന്റെ കാലടികൾ വെക്കുന്നതുവരെ ഞാൻ അനങ്ങുകയില്ല."

അതേ ആയാൾ പോയില്ല; ആയാൾ ഇപ്പോഴും പോരാടുകയാണു്. കമ്പനി ലഫ്റ്റനന്റ് ഓസ്ലന്നെതിരായ ഒരു വമ്പിച്ച ജർമ്മൻസേന പ്രത്യാക്രമണം നടത്തി. അദ്ദേഹത്തിന്നു മുറിപറ്റി, എങ്കിലും അദ്ദേഹം നിവർന്നുനിന്നു ഉച്ചത്തിൽ പറഞ്ഞു: "ഞങ്ങൾ റഷ്യക്കാരാണു്; റഷ്യക്കാർ എപ്പോഴും പ്രഷ്യക്കാരെ തോല്പിച്ചിട്ടുണ്ടു്. സഖാക്കളെ മുന്നോട്ടു്!" ജർമ്മൻ പ്രത്യാക്രമണം നിഷ്ഫലമായി. ആ ചുവപ്പു സേനാവിഭാഗം വിജയശ്രീലാളിതരായി. ഇങ്ങനെ അനവധി ഉദാഹരണങ്ങൾ ഉണ്ടു്.

നേരം ഇരുട്ടിത്തുടങ്ങുന്നു; ചക്രവാളം മുഴുവനും തീപ്പിടിച്ചുകഴിഞ്ഞു; ജർമ്മൻ മണ്ണിൽനിന്നു തീജ്വാലകൾ ഉയരുന്നു!

II

# ആ സുദിനം വന്നെത്തി

(ഇല്യ എഹ്റൻബർഗ്)

നാല്പതു മാസങ്ങളോളമായി ഞങ്ങളുടെ രാജ്യം കാത്തിരിക്കുന്ന ഈ ദിവസം വന്നു ചേരുന്നതിന്നു്. നാല്പതു മാസങ്ങളോളമായി ഞങ്ങളുടെ നഗരങ്ങളുടെ അവശിഷ്ടങ്ങളും ഗ്രാമങ്ങൾ വെന്തെരിഞ്ഞ വെണ്ണീറും കണ്ടു ഹൃദയവേദനയോടെ ഞങ്ങൾ ചിന്തിച്ചുവരുന്നു "എത്രകാലത്തോളം!"

ഇപ്പോൾ ആ ദിവസം വന്നെത്തി; ചുവപ്പുസേന ജർമ്മനിയിൽ പ്രവേശിച്ചുകഴിഞ്ഞു. അവരുടെ വാസസ്ഥലത്തേയ്ക്കു ഒരിക്കലും ഞങ്ങളെ പ്രവേശിക്കാനനുവദിക്കുകയില്ലന്നു് ജർമ്മൻ ഭരണാധികാരികൾ പലപ്പോഴും ശപഥം ചെയ്തിട്ടുണ്ടു്. അവർ അവരുടെ വിശ്വാസം മുഴുവനും അർപ്പിച്ചിരുന്നതു് ജർമ്മനിക്കു ചുറ്റുമുള്ള ദുർഗ്ഗനിരകളിന്മേലാണു്. ശിലകൾപോലും അടർന്നു, വീഴ്ത്തുന്ന ഉഗ്രതയുണ്ടു്; ഉരുക്കിനേയും ആലിയിക്കുന്ന രൌദ്രമുണ്ടു്. ഞങ്ങളനുഭവിച്ച ദുരിതങ്ങളെപ്പറ്റി ആർക്കു വിവരിക്കാൻ സാധിക്കും? ഞങ്ങളുടെ എല്ലാം ഹൃദയത്തിൽ വ്യസനമുണ്ടു്. കാരണം കഴിഞ്ഞ നാല്പതു മാസങ്ങളോളമായി റഷ്യയുടെ സജീവമായ ദേഹത്തെ ശത്രു കീറിമുറിച്ചുകൊണ്ടിരുന്നു. നാല്പതു വർഷത്തോളം ഈ കശാപ്പുകാരന്മാർ ഞങ്ങളുടെ പ്രിയ ജനങ്ങളെ ദ്രോഹിച്ചുവന്നു. ഞങ്ങൾക്കു അവിടെ എത്തേണ്ടതുണ്ടു്; ഇപ്പോൾ ഞങ്ങൾ അവിടെ എത്തിക്കഴിഞ്ഞു. അവരുടെ കോട്ടനിരകൾക്കൊന്നും തന്നെ ഞങ്ങളെ തടുത്തു നിർത്താൻ സാധിച്ചില്ല.

ഇന്നാളൊരിക്കൽ ഹിറ്റ്ലരുടെ കൂട്ടാളികളുടെ ഒരു യോഗത്തിൽ വെച്ചു എൻറിച്ച് കോച്ച് കൂക്കിവിളിച്ചു. "പ്രഷ്യൻ മണ്ണിന്റെ ഒരിഞ്ചുപോലും ഞങ്ങൾ വിട്ടുകൊടുക്കുകയില്ല; ഞങ്ങൾ അതിനോടു പറ്റിപ്പിടിച്ചു കിടക്കും; ഞങ്ങൾ അതിൽ വേരുറപ്പിക്കും" ആരാണിതു പറഞ്ഞതെന്നോ? ഞങ്ങൾക്കയാളെ നല്ല പരിചയമുണ്ടു്. ഈയാൾ ഉക്രേയിൻ ജർമ്മൻകാർ പിടിച്ചപ്പോൾ അവിടുത്തെ നാസി ഭരണാധിപനായിരുന്നു. ആയാളുടെ ഉദ്യോഗം തട്ടിപ്പറിയും കവർച്ചയുമാണു്. ഒരു പ്രഭുവിന്റെ മാതിരി ഞെളിഞ്ഞു ഊറ്റം നടിക്കുന്നതിന്നു ആയാൾക്കു സാധ്യമല്ല. ആയാളും ആയാളുടെ പട്ടാളവും ഉക്രേയിനിൽ കൂത്താടി നടന്നു; കൊള്ളചെയ്തു. ഇപ്പോൾ ജർമ്മൻരാജ്യത്തെപ്പറ്റി അവറ്റ കരക്കാതിരിക്കട്ടെ. ഞങ്ങൾ കടം വീട്ടാൻ സന്നദ്ധമാണു്; അവർ അതു തിരിച്ചുവാങ്ങാൻ മടിക്കുന്നതെന്തിനാണു്? ജർമ്മൻ ഭടന്മാർ അവരുടെ മണ്ണിൽ ഒട്ടിപ്പിടിക്കുകയൊന്നുമില്ല. അവർ ശവങ്ങളായി പ്രഷ്യൻ മണ്ണിൽ വേരുറച്ചുപോയെങ്കി

(ശേഷം 12-ാം പേജിൽ)

# ടോക്കിയോവിൽ ബോമ്പുവർഷം

## കൂടുതൽ വിവരങ്ങൾ

യു. എസ്. വിമാന സേനയിൽനിന്നുള്ള 20-ാമത്തെ കമ്മ്യൂണിക്കേയിൽ, ഈ ആഴ്ച ടോക്കിയോ നഗരത്തിൽ ബോമ്പു വർഷം നടത്തിയതായി പ്രസ്താവിക്കുന്നു. മുസാഷിൻ വിമാന നിർമ്മാണശാലയും മററു പ്രധാന വ്യവസായ കേന്ദ്രങ്ങളേയും ലക്ഷ്യമാക്കിയിട്ടായിരുന്നു ബോമ്പാക്രമണം. ജപ്പാനു വമ്പിച്ച തോതിൽ വിമാന നിർമ്മാണം ചെയ്തു കൊടുക്കുന്ന ഒരു തൊഴിൽശാലയാണ് മുസാഷിനോ. നാഗജിൻ കമ്പനിക്കാരാണ് ഇതിൻെറ ഉടമസ്ഥന്മാർ.

ബോമ്പു ചെയ്ത വൈമാനിക വിഭാഗത്തെ നയിച്ചിരുന്നതു ബ്രിഗേഡിയർ ജനറൽ എമററ് ഓഡോണൽ (ഇളയ ആൾ) ആയിരുന്നു.

ആദ്യത്തെ ബോമ്പറുകൾതന്നെ ലാക്കു തെററിയില്ല. ഉന്നസ്ഥലത്തു വമ്പിച്ച തീക്കത്തലും, പൊട്ടിത്തെറിക്കലുമുണ്ടായി. കമ്മ്യൂണിക്കെയിൽ ഇങ്ങനെ വിവരിക്കുന്നു: "രണ്ടാമത്തെ വൈമാനിക സംഘം നടത്തിയ ബോമ്പാക്രമണവും ഇതേ പോലെത്തന്നെ കുറിക്കു കൊള്ളുകയും, ഉന്നങ്ങളിൽ തീയാളിക്കുകയും ചെയ്തു. ആദ്യമെടുത്ത റോന്തു പടങ്ങളിൽനിന്ന്, ആക്രമണത്തിന്നു ശേഷവും, ടോക്കിയോവിൻെറ മദ്ധ്യഭാഗത്തു് തീയെരിയുന്നതായും, വൈയവസായിക കേന്ദ്രങ്ങളിൽനിന്നു വളരെ ഉയരത്തോളം പുക പൊങ്ങുന്നതും കാണാവുന്നതാണ്.

ഈ ബോംബേറിൽ പങ്കെടുത്ത വിമാനങ്ങളിൽ രണ്ടെണ്ണമൊഴിച്ചു ബാക്കിയെല്ലാം തന്നെ യാതൊരു കേടുംപററാതെ മടങ്ങിയെത്തി. വിമാനാക്രമണത്തെ എതൃക്കുന്ന തോക്കുകൾ ചുരുങ്ങിയ രീതിയിൽ മാത്രമേ ശത്രു ഉപയോഗിച്ചിരുന്നുള്ളൂ. ആദ്യത്തെ റിപ്പോർട്ടുകളിൽനിന്നു ശത്രുവിമാനങ്ങളുടെ എതൃപ്പു വളരെ ചെറുതായിരുന്നുവെന്നു കാണുന്നു. സൻഫ്രാൻസിസ്കോവിൽനിന്നു കിട്ടിയ ഒരു ടോക്കിയോ റേഡിയോ റിപ്പോർട്ടു പ്രകാരം ബോമ്പാക്രമണം നിമിത്തം ജപ്പാനീസ് മന്ത്രിസഭയുടെ യോഗം പിരിഞ്ഞതായി ഗണിക്കേണ്ടിയിരിക്കുന്നു. ടോക്കിയോ റേഡിയോ, ജപ്പാനീസ് പ്രധാധമന്ത്രി കോയിസോവും, തൻെറ മന്ത്രിസഭയും രാവിലെ ഒമ്പതു മണിക്കു ചേർന്നുവെന്നും യോഗം രാത്രി 12½ മണിക്കു നീട്ടിവെച്ചുവെന്നും പ്രസ്താവിക്കുകയുണ്ടായി. "വളരെ പ്രധാനമായ സംഗതികൾ ആലോചിപ്പാനായിരുന്നുവത്രെ" മന്ത്രിസഭ ചേർന്നിരുന്നതു്.

ജപ്പാൻകാരുടെ റിപ്പോർട്ടു പ്രകാരം വിമാനങ്ങൾ ടോക്കിയോവിൽ പ്രവേശിച്ചതു് രാത്രി 12 മണി 20 മിനുട്ടിന്നാണ്, അതായതു, മന്ത്രിസഭായോഗം ചേരാനുള്ള സമയത്തിൻെറ 10 മിനുട്ട് മുമ്പ്.

തെക്കുനിന്നു ജപ്പാനെ ആകാശമാർഗ്ഗമായി ആക്രമിക്കുവാനായി താവളങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ, ജൂൺ 14-ാംനു- മുതലാണ് ആരംഭിച്ചതു്. അന്നാണ് ജപ്പാൻെറ അധീനത്തിലിരുന്ന സൈപ്പൻ ദ്വീപിനെ അമേരിക്കൻ കരസേനയും നാവികസേനയും ആക്രമിച്ചതു്. വളരെ കഠിനമായ സമരത്തിന്നുശേഷം ജപ്പാൻകാർ തോററു പിന്മാറി. ഈ സമരത്തിൽ ജപ്പാനു 25,000 പട്ടാളവും, അമേരിക്കു 3,000 പേരും നഷ്ടപ്പെട്ടു. ജൂലായി 8-ാംനു- സേപ്പൻ ദ്വീപ് അമേരിക്കയുടെ കൈവശത്തിലായി.

ഇതിന്നു മുമ്പും തന്നെ ജപ്പാനെതിരായുള്ള വിമാനാക്രമണത്തിന്നുള്ള ഒരുക്കങ്ങൾ ആരംഭിച്ചിരുന്നു. മാർച്ച് 8-ാംനു- 20-ാമത്തെ വിമാനസേനയുടെ ഒരു വിഭാഗമായി 21-ാം ബോമ്പർക്കമാണ്ട്, കൂട്ടിച്ചേർത്തു. കുറച്ചു ആഴ്ചകൾക്കു ശേഷം അതിലെ അംഗങ്ങൾക്കു നിപുണത വർദ്ധിപ്പിക്കുന്നതിന്നു വേണ്ട പരിശീലനങ്ങൾ നൽകുവാൻ തുടങ്ങി. ആഗസ്റ്റ് 29-ാംനു- 21-ാം ബോമ്പർ കമാൻറിൻെറ നേതൃത്വം ബ്രിഗേഡർ ജനറൽ ഹേവുഡ്സ്, എസ്. ഹാൻസൽ ഏറെറടുത്തു. ഈ സംഗതി നവെമ്പർ 24-ാംനു- വരേയും രഹസ്യമായി വെച്ചിരുന്നു. ഈ പുതിയ ഉദ്യോഗം ഏറെറടുക്കുന്നതിൻെറ മുമ്പു ഹാന്നൽ ജനറൽ ഹെൻസി എച്ച്. ആർണോൾസിൻെറ സ്റ്റാഫിലെ പ്രധാനിയായിരുന്നു.

ജർമ്മനിക്കെതിരായുള്ള അമേരിക്കൻ വിമാനാക്രമണത്തിൻെറ പല മാതൃകകളും ഏർപ്പെടുത്തിയതു് ഹാൻസലാണെന്നുള്ളതു് ഇവിടെ പ്രസ്താവയോഗ്യമാണ്. ആ മാതൃകകളനുസരിച്ചാണ് അമേരിക്കൻ വിമാനാക്രമണം, ജർമ്മനിയുടെമേൽ ഉണ്ടായിട്ടുള്ളതു്.

(11-ാം പേജിൽനിന്നു തുടർച്ച)

ൽ, അതു അവരുടെ വീഴ്ചത്താലല്ല. എൻറിച്ച് കോച്ച് കോനിസ്ബർഗ്ഗിൽ പററിനിൽക്കാതിരിക്കട്ടെ. ആയാൾ ഭാഗ്യത്തെ ആലോചിക്കാതിരിക്കട്ടെ. റോവ്നോവിൽനിന്നയാൾക്കു രക്ഷപ്പെടാൻ സാധിച്ചു. ഈ കോച്ചിനേയും ഞങ്ങൾ പിടിക്കും. . . .

സർവ്വ പ്രകാരേണയുമുള്ള യുദ്ധരീതികളെയും ജർമ്മൻകാർ ആരാധിക്കുക പതിവായിരുന്നു.

ക്രൂരന്മാരായ കൊലയാളികൾ, ബീറു കുടിച്ചുവീർത്ത കുടവയറും, ഗർവ്വു കൊണ്ടു നിറഞ്ഞ ഹൃദയവുമുള്ള വാണിജ്യസ്സഞ്ചാരികൾ,—ഇവററ ചരിത്രത്തിൻെറ ഘടികാരം ത്വരിതഗതിയിലാക്കാൻ ശ്രമിച്ചുനോക്കി. ഡോക്ടർമാരുടെ ബിരുദമുള്ള ഈ പോക്കാച്ചിത്തവളകൾ, അവരു വർഗ്ഗസിദ്ധാന്തമുള്ള കള്ളന്മാർ, പുരചൂട്ടുകാരായ ഈ നിക്ഷേയുടെ ഈ ശിഷ്യന്മാർ" "സ്വർഗ്ഗീയവാസികളുടെ സദൃക്കു" വൈകി സന്നഹിതരാവുന്നതിൽ ഭയമുള്ളവരായിരുന്നു. അവക്കു മിന്നൽ സമരങ്ങളായിരുന്നു ആവശ്യം. റേഷൻകാർഡുകൂടാതെ സമൃദ്ധമായ വിധത്തിൽ അവക്കു അവയിന്നു കിട്ടുന്നുണ്ട്; അവരെ ഭ്രാന്തന്മാരാക്കാൻ പര്യാപ്തമായ വിധത്തിൽ അത്രമാത്രം സമരങ്ങൾ! ദിനംതോറും ജർമ്മൻകാർക്കു അവരുടെ നഗരമോ, കോട്ടയോ, ദുർഗ്ഗനിരയോ, അഥവാ, ബന്ധുവോ, ഒരു രാജ്യമോ നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുന്നു. പടിഞ്ഞാറു, ജർമ്മൻ ചക്രവർത്തിമാരുടെ കിരീടധാരണ നഗരമായ ആക്കൻ വീണു കഴിഞ്ഞു. കിഴക്കു, പ്രഷ്യൻ സൈനികമേധാവിത്വത്തിൻെറ ഈററില്ലത്തെ നമ്മുടെ പട്ടാളം ആക്രമിച്ചിരിക്കുന്നു. കുറുക്കന്മാരെ പിടിച്ചു കൂട്ടിലിടപ്പെട്ടിരിക്കുന്നു; ചിലവററ ഒളിഞ്ഞിരിക്കുകയാണ്. ഇപ്പോൾ നരി നിസ്സഹായനായി ഒററക്കാണ്. അതിന്നു മുറിപ്പെട്ടിരിക്കുന്നു; ഇപ്പോഴും അതു മുരളുകയും പല്ലുകൾ പുറത്തു കാണിക്കുകയും ചെയ്യുന്നു. ഈ പല്ലിളിക്കൽ കണ്ടിട്ടു ഇന്നാർക്കും പേടിയില്ല; പണ്ടത്തെ ആ പല്ലിളിയല്ല അതു്. "ജർമ്മൻകാരുടെ ജനകീയസേന" പണ്ടത്തെ പട്ടാളക്കാരോടു കിട നിൽക്കുന്നില്ല.

കരുത്തംകെട്ട വർഗ്ഗങ്ങളേ! നിങ്ങളെ എല്ലാവരും വെറുക്കുന്നു. ഇതേവരേയും ഇവക്കെതിരായി വളരെ വർഷങ്ങളോളമായി പൊരുതിവരുന്ന ആത്മാർത്ഥതയുള്ള ആ രാഷ്ട്രങ്ങളെപ്പററി മാത്രമല്ല ഞാൻ പറയുന്നതു്. ജർമ്മൻകാരുടെ ഇന്നലത്തെ ബന്ധുക്കൾ കൂടി ഇന്നവരെ എതിർക്കുന്നു. ചരിത്രത്തിൽ ഇതേമാതിരി സംഭവങ്ങൾ മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഇതേവരേയും അവരോടൊപ്പം നിന്നു പോരാടിയിരുന്ന പങ്കാളികൾ തന്നെ ഇന്നു ജർമ്മൻകാർക്ക് എതിരായി യുദ്ധം ചെയ്യുന്നു. റുമേനിയക്കാർ, ഇററലിക്കാർ, ബൾഗേറിയക്കാർ, ഫിന്നുകൾ ഇവരെല്ലാവരും! ജർമ്മൻകാരുടെ ഒന്നിച്ചു ആരുണ്ട്? ഹങ്കറിക്കാർമാത്രം.

ഇപ്പോൾ ഞങ്ങൾ ജർമ്മൻ മണ്ണിലെത്തിക്കഴിഞ്ഞു. ഇവിടെ വെച്ചായിരുന്നു ഇതേവരേയും ജർമ്മൻ ജന്മികൾ റഷ്യൻ യുദ്ധത്തടവുകാരെക്കൊണ്ടു പണിയെടുപ്പിച്ചിന്നതു്; കാളകൾക്കു പകരം അവരെ ഉപയോഗിച്ചിരുന്നു. ജർമ്മൻ ജങ്കർമാരുടെ ഭാര്യമാർ ഇവിടെ വെച്ചാണ് റഷ്യൻ ബാലികന്മാരുടെ ചെകിടത്തു അടിച്ചിരുന്നതു്. രക്തസാക്ഷികളുടെ തലമുടി എന്തിന്നായിട്ടു ഉപയുക്തമാക്കണം, തലയണക്കോ, കയർ പിരിക്കുന്നതിന്നോ, സോഫക്കോ എന്തിന്നായി ഉപയോഗിക്കണമെന്നു ജർമ്മൻകാർ ഇവിടെവെച്ചാണ് വിവാദം നടത്തിയിരുന്നതു്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.